● വാർഷിക വരിസംഖ്യ: ₹60

മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2026 ● നവംബർ - ഡിസംബർ ● പുസ്തകം: 09 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545

ഇത് ഞങ്ങളുടെ വഴി

വനിത സംരംഭക
സ്പെഷ്യൽ പതിപ്പ്



ഉറക്കമൊഴിച്ച രാവുകൾ... തോൽക്കാൻ മനസ്സില്ലാത്ത പകലുകൾ. കഠിനാധ്വാനവും സ്വപ്രയത്നവും കൊണ്ടുമാത്രം അവർ പതിയെപ്പതിയെ കെട്ടിപ്പടുത്തത് വലിയ നേട്ടങ്ങളാണ്. വർണ്ണങ്ങളും പുത്തനാശയങ്ങളും സമന്വയിപ്പിച്ച്, ചിന്തകളെയും ഭാവനകളെയും അവർ അത്ഭുതങ്ങളാക്കി മാറ്റി.

രുചിഭേദങ്ങൾ തുടങ്ങി സൗന്ദര്യ സങ്കൽപ്പങ്ങൾ വരെ... മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും അലങ്കാരവേലകളും മുതൽ ഫാഷൻ ലോകത്തെ പുത്തനുടുപ്പുകളും ഭക്ഷ്യസംസ്കരണവും വരെ നീളുന്ന വൈവിധ്യങ്ങൾ. പരമ്പരാഗത ബിസിനസ് ആശയങ്ങൾ പൊളിച്ചെഴുതി അവർ ഈ മേഖലയിൽ സ്വന്തമായൊരു മേൽവിലാസം സൃഷ്ടിച്ചു.

കയ്പനുഭവങ്ങളിൽ തളരാതെ, പരാജയങ്ങളെ പടവുകളാക്കി ബിസിനസ് ലോകത്ത് കൊടുമുടി കയറിയവർ. പുത്തനറിവുകളാൽ സ്വയം നവീകരിച്ചും ഉരച്ചു മിനുക്കിയും അവർ നേടിയെടുത്തത് തിളക്കമുള്ള വിജയങ്ങളാണ്. വിസ്മയ വഴികൾ രചിച്ച ആ വനിതാ സംരംഭകരെ നമുക്ക് അടുത്തറിയാം...



എഡിറ്റോറിയൽ

● പുസ്തകം: 9 ● ലക്കം: 6

പെൺകരുത്ത്

'സ്ത്രീകളുടെ ദൗത്യം പൂർണ്ണതയിൽ അംഗീകരിക്കപ്പെടുന്ന സമയമായി. ലോകത്ത് ഇതുവരെ നേടിയിട്ടില്ലാത്ത സ്വാധീനവും ശക്തിയും സ്ത്രീകൾ നേടുന്ന സമയം വന്നിരിക്കുന്നു. സുവിശേഷ ചൈതന്യമുള്ള സ്ത്രീകൾക്ക് മനുഷ്യവർഗ്ഗം തകരാതെ കാത്തുസൂക്ഷിക്കാൻ കഴിയും.' (Pope John Paul II, *Mulieris Dignitatem*) വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയിലൂടെ മുഴങ്ങിക്കേട്ട ഈ പ്രവാചകശബ്ദം അക്ഷരാർത്ഥത്തിൽ ഇന്ന് ലോകത്തിൽ നടപ്പിലായിത്തുടങ്ങി. വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീസമൂഹം ഇന്ന് വിവിധ രാജ്യങ്ങളിൽ പ്രസിഡന്റ്, പ്രധാനമന്ത്രി തുടങ്ങി തന്ത്രപ്രധാന സ്ഥാനങ്ങൾ അലങ്കരിക്കുന്നു. മേരികുറിയുടെയും, കല്പന ചൗളയുടെയും, ടെസി തോമസിന്റെയുമൊക്കെ ഗവേഷണമികവ് സ്ത്രീ സമൂഹത്തിന്റെ അറിവിന്റെയും ഇച്ഛാശക്തിയുടെയും നേർസാക്ഷ്യമായി മുദ്രകുത്തപ്പെട്ടു.

ബഹിരാകാശ ഗവേഷണം, വൈദ്യശാസ്ത്രം, നിർമ്മിതബുദ്ധി, പരിസ്ഥിതി പഠനം തുടങ്ങിയ ഗവേഷണ മേഖലകളിൽ സ്ത്രീകൾ ശക്തി തെളിയിച്ചു കഴിഞ്ഞു. കുടുംബങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം, ആത്മീയ പരിപാലനം, മൂല്യബോധനം തുടങ്ങി കുടുംബത്തിന്റെ സാമ്പത്തിക കെട്ടുറപ്പിനെ പരിപോഷിപ്പിക്കുന്നതിലുൾപ്പെടെ സ്ത്രീസമൂഹം മുൻപന്തിയിലാണ്. കുട്ടികൾക്ക് സാമൂഹ്യ അവബോധം നൽകി അവരിൽ സ്നേഹത്തിന്റെയും കരുതലിന്റെയും സഹാനുഭൂതിയുടെയും മൂല്യങ്ങൾ വളർത്തി രാഷ്ട്രനിർമ്മിതിയിൽ അവരെ പങ്കാളികളാക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നതും സ്ത്രീകൾ തന്നെയാണ്. കുടുംബിനി, കർഷകത്തൊഴിലാളി, അധ്യാപിക, ഗവേഷക, നഴ്സ്, കലാകാരി, സംരംഭക, സാഹിത്യകാരി, രാഷ്ട്രീയ പ്രവർത്തക, മാധ്യമ പ്രവർത്തക, സാമൂഹ്യ പ്രവർത്തക, തുടങ്ങി ജീവിതത്തിന്റെ സകല മേഖലകളിലും സ്ത്രീകൾ മികവു തെളിയിച്ചു കഴിഞ്ഞു.

'സ്ത്രീയ്ക്ക് വിദ്യാഭ്യാസം നേടാനും തൊഴിൽ ചെയ്യാനും പുരുഷന് തുല്യമായ സാംസ്കാരിക നേട്ടങ്ങൾ കൈവരിക്കാനുമുള്ളത് അവളുടെ മൗലികമായ മനുഷ്യാവകാശമാണ്' എന്ന് സഭ പഠിപ്പിക്കുന്നു. (Gaudium et Spes No.60) അതിനാൽ സ്ത്രീ സമൂഹം അവരുടെ കഴിവും മികവും തിരിച്ചറിഞ്ഞ് അതിനെ നൂറുമേനി ഫലം ചൂടിച്ച് കുടുംബത്തിന്റെയും നാടിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്ക് സംഭാവന ചെയ്യുന്നവരായി വളരണം. കുടുംബവും സഭയും സമൂഹവും ഭരണകൂടവും ഒറ്റക്കെട്ടായി പ്രവർത്തിച്ച് സ്ത്രീസമൂഹത്തിന്റെ വളർച്ചയും പുരോഗതിയും ഉറപ്പാക്കണം. സ്ത്രീസമൂഹത്തിന്റെ സ്നേഹത്തിൽ ചാലിച്ച കാരുണ്യത്തിന്റെ മുഖം അവരുടെ വിവിധ പ്രവർത്തനങ്ങളിലൂടെ ലോകം തിരിച്ചറിയട്ടെ.

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

പുലരും മുമ്പേ അവൾ ഉണർന്ന് കുടുംബാംഗങ്ങൾക്ക് ഭക്ഷണമൊരുക്കുകയും പരിചാരികമാർക്ക് ജോലി നിർദ്ദേശിച്ചു കൊടുക്കുകയും ചെയ്യുന്നു. അവൾ നല്ല നിലം നോക്കി വാങ്ങുന്നു. സ്വന്തം സമ്പത്തുകൊണ്ട് അവൾ മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നു. അവൾ അരമുറുക്കി കൈച്ചൂറുക്കോടെ ജോലി ചെയ്യുന്നു (സുഭാ. 31:15-17). ബിസി രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട സുഭാഷിതങ്ങളുടെ പുസ്തകത്തിൽ സ്ത്രീ സമൂഹത്തെക്കുറിച്ചുള്ള സുന്ദരമായ ദർശനമാണ് വിശുദ്ധ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നത്. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്ന ദെബോറ (ന്യായ.4:4-5), മിരിയാം (പുറ. 15:20), ഹുൽദാ (രാജ. 22: 14), ഫോയ്ബ് (റോമ. 16:1) പ്രഷില്ല, അക്വീല (അപ്പ. 18:26), ലിദിയ (അപ്പ. 16: 14-15) തുടങ്ങി ഒട്ടനവധി സ്ത്രീരത്നങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നമുക്ക് കാണാൻ കഴിയും.

ക്രിസ്തുവിന്റെ അമ്മയായ പരിശുദ്ധ കന്യകാ മറിയം ക്രിസ്തുവിന്റെ പീഡാസഹന വേളയിൽ മകനോടൊപ്പം നിന്ന് രക്ഷാദൗത്യം നിർവഹിക്കുന്നതും യേശുവിന്റെ കുരിശുമരണ ശേഷം ചിതറിക്കപ്പെട്ട ശിഷ്യസമൂഹത്തെ ഒരുമിപ്പിച്ചു ചേർത്ത് പ്രാർത്ഥനയിൽ ചെലവഴിച്ചതും തുടർന്നുള്ള പന്തക്കുസ്താ അനുഭവവും മറിയത്തിന്റെ നേതൃപാടവത്തിന്റെ നേർക്കാഴ്ചകളാണ്.

ഒരു സ്ത്രീ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി നേടുമ്പോൾ അവളിലൂടെ ഒരു കുടുംബവും അവൾ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹവും കരുത്താർജിക്കുകയാണ്. അതുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ സഭാ മക്കളെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നത്, 'സ്ത്രീകൾ സഭയിലും സമൂഹത്തിലും കേവലം സഹായികൾ അല്ല, മറിച്ച് തീരുമാനങ്ങൾ എടുക്കുന്ന മുഴുവൻ പങ്കാളികളാണ്.' സ്ത്രീയുടെ നേതൃത്വം എന്നത് കൊട്ടിഘോഷിക്കപ്പെടുന്നതിനെക്കാൾ കെട്ടിപ്പടുക്കുന്നതാണ്. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രത്യേകിച്ച് ആതുര ശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിലെ സ്ത്രീ സമൂഹത്തിന്റെ ശുശ്രൂഷകൾ വിലമതിക്കാനാകാത്തതാണ്. ആതുരശുശ്രൂഷാരംഗത്ത് 80%-ൽ അധികവും സ്ത്രീകളാണ് ജോലി ചെയ്യുന്നത് എന്ന സത്യം ശുശ്രൂഷാരംഗത്തെ സ്ത്രീയുടെ മഹത്വം വിളിച്ചോതുന്നതാണ്. ഇവയ്ക്കു പുറമെ രാഷ്ട്രീയ പ്രവർത്തനങ്ങളിലും വ്യവസായ സംരംഭങ്ങളിലും ഭരണനേതൃത്വത്തിലും സ്ത്രീകളുടെ കടന്നുവരവ് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു.

നമ്മുടെ ഇടവകകളിൽ സമർത്ഥരായ ധാരാളം സ്ത്രീകളുണ്ട്. ഇടവകകൾതോറും ഇവർക്ക് പരിശീലനം നൽകി അതത് പ്രദേശങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് പുത്തൻ സംരംഭങ്ങൾ തുടങ്ങാൻ ഇടവകാ സമൂഹം നേതൃത്വമെടുക്കണം. വയൽ വാങ്ങാനും ഫാക്ടറികൾ നടത്താനും കച്ചവടം ചെയ്ത് ലാഭമുണ്ടാക്കാനും ആ വരുമാനംകൊണ്ട് സമൂഹത്തെ നയിക്കാനും പ്രാപ്തിയുള്ളവളായിട്ടാണ് ദൈവം സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നത്. ഈ കഴിവുകളെ സമൂഹ നന്മയ്ക്കുതകും വിധം വളർത്തുമ്പോഴാണ് ദൈവേഷ്ടം നിറവേറുന്നത്. ഫ്രാൻസിസ് പാപ്പ പഠിപ്പിച്ചതുപോലെ സ്ത്രീ ഇല്ലാത്ത സഭ വന്ധ്യമാണ്. സ്ത്രീയുടെ കഴിവും കരുത്തും ഇല്ലാതെ സഭയ്ക്ക് മുന്നോട്ടു പോകാൻ കഴിയില്ല. അതിനാൽ സ്ത്രീ സമൂഹത്തെ നമുക്ക് കരുത്തുറ്റവരാക്കാം. ഇടവകയിലെ സ്ത്രീകൾ കരുത്തുറ്റവരാകുമ്പോൾ ആ ഇടവകയും അതിലൂടെ ഇടവക ഉൾപ്പെടുന്ന സമൂഹവും ശക്തിപ്പെടും.

സത്യത്തിൽ എന്താണ് സംഭവിച്ചത്?

അകം പുറം



കെ. എഫ്. ജോർജ്

കഴിഞ്ഞ ജൂണിൽ തിയറ്ററിലെത്തിയ സിനിമയാണ് 'സത്യത്തിൽ സംഭവിച്ചത്.' ഒരു ഗ്രാമീണ കുടുംബത്തെ ചുറ്റിപ്പറ്റിയാണ് കഥ വികസിക്കുന്നത്. വല്യപ്പച്ചൻ പറമ്പിൽ നിധി കുഴിച്ചിട്ടിട്ടുണ്ടെന്ന് ചിലർ വിശ്വസിക്കുന്നു. അതിനിടെ വീട്ടിൽ കിണർ തേകി വൃത്തിയാക്കിയപ്പോൾ ഒരു കുടം കിട്ടി. കിണർ പണിക്ക് കൂടിയവർക്ക് വീതം നൽകാതെ കുടം തട്ടിയെടുക്കാൻ ചിലർ ശ്രമിക്കുന്നു. ഏറെ ബഹളത്തിനു ശേഷം കുടം തുറന്നപ്പോൾ അതിൽ കാര്യമായി ഒന്നുമില്ല. പിന്നെയും നിധി കണ്ടെത്താൻ വിഫല ശ്രമങ്ങളും അടിപിടികളും വഴക്കുകളും നടക്കുന്നു.

'നിധി തേടിയുള്ള യാത്ര തുടരുന്നു' എന്ന് എഴുതിക്കാണിച്ചാണ് സിനിമ അവസാനിക്കുന്നത്. അപ്പോൾ കഥാപാത്രങ്ങൾ ഇടയ്ക്കിടെ ചോദിക്കുന്നതുപോലെ കാണികളും ചോദിച്ചുപോകുന്നു, 'സത്യത്തിൽ എന്താണ് സംഭവിച്ചത്?' എന്തിനായിരുന്നു ഈ ബഹളങ്ങളെല്ലാം?

ആർത്തിയും സ്വാർത്ഥതയും, ജീവിതാവസാനത്തിൽ മനസിലാകുന്ന അതിന്റെ നിഷ്ഫലതയും ത്രില്ലർ കോമഡി രൂപത്തിൽ സിനിമ അവതരിപ്പിക്കുന്നു.

എന്തിനു പിന്നാലെയാണ് ഓടുന്നതെന്ന് ബോധ്യമില്ലാതെ പാഞ്ഞ് സമ്പാദിക്കുന്ന നിധികുംഭം ജീവിതാരവം ഒടുങ്ങി തളർന്നു തുടങ്ങുന്ന ഘട്ടത്തിലാണ് തുറക്കാൻ ശ്രമിക്കുക. അപ്പോഴാണ് നേടിയതിൽ വലിയ കഥയില്ലെന്നും പകരം അധാർമിക ചെയ്തികളുടെ കുറ്റപ്പെടുത്തലുകൾ കുടത്തിലുണ്ടെന്നും തിരിച്ചറിയുക.

എങ്കിലും നിധി തേടിയുള്ള നിഷ്ഫല യാത്ര മനുഷ്യൻ തുടരുകയും അവസാനം സത്യത്തിൽ എന്താണ് സംഭവിച്ചതെന്ന് ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ആത്മപരിശോധനയില്ലാത്ത ജീവിതം ജീവിക്കാൻ യോഗ്യമല്ലെന്നു പറഞ്ഞത് ഗ്രീക്ക് തത്വചിന്തകൻ സോക്രട്ടീസാണ്. ഏഥൻസിലെ യുവാക്കളെ വഴിതെറ്റിക്കുന്നുവെന്ന കുറ്റം ചാർത്തിയാണ് സോക്രട്ടീസിന് വധശിക്ഷവിധിച്ച് കുടിക്കാൻ ഹെംലോക് വിഷം നൽകുന്നത്.

വിധികേട്ട് അനുയായികൾ വിലപിച്ചപ്പോൾ ചിരിച്ചുകൊണ്ട് വിഷപാനപാത്രം കയ്യിലെടുത്ത് സോക്രട്ടീസ് ചോദിക്കുന്നു 'ഞാൻ ജീവിതത്തെ വിലയിരുത്തിക്കൊണ്ടാണോ ജീവിച്ചത്? അതോ വെറുതെ സമയം കളയുക മാത്രമായിരുന്നോ?'

എല്ലാവരും എല്ലാക്കാലവും ചോദിച്ച് ഉത്തരം കണ്ടെത്തേണ്ട വിഷയമാണ് സോക്രട്ടീസ് ഉന്നയിച്ചത്.



ലോകം കീഴടക്കിയെന്ന് അഹങ്കരിച്ച അലക്സാണ്ടർ ചക്രവർത്തിക്ക് 33 വർഷമേ ആയുസ് കിട്ടിയുള്ളു. ബാബിലോണിൽ മരണ ശയ്യയിൽ കിടക്കുമ്പോൾ തന്റെ മരണ ശേഷം ചെയ്യേണ്ട മൂന്നു കാര്യങ്ങൾ തന്റെ അനുചരന്മാരോടു നിർദ്ദേശിച്ചു.

ഒന്ന് - ഡോക്ടർമാർ എന്റെ ശവമഞ്ചം ചുമക്കണം. ഒരു ഡോക്ടർക്കും എന്നെ രക്ഷിക്കാനായില്ല എന്ന് ലോകം അറിയണം.

രണ്ട് - കുഴിമാടത്തിലേക്കുള്ള യാത്രയിൽ പണവും സ്വർണ്ണവും വിതറുക. ഭൂമിയിൽ സമ്പാദിച്ചത് ഭൂമിയിൽ ഒടുങ്ങട്ടെ.

മൂന്ന് - എന്റെ കൈകൾ ശവമഞ്ചത്തിന്റെ പുറത്തേക്ക് ഇടുക. ഒന്നുമില്ലാതെ ജനിച്ച് ശൂന്യമായ കൈകളോടെ വിടവാങ്ങുന്നുവെന്ന് ലോകം അറിയട്ടെ.

ജീവിതത്തിന്റെ മാർക്ക് ലിസ്റ്റ് ആരും ചോദിക്കില്ലെങ്കിലും സ്വയം അത് ഉള്ളിൽ തെളിഞ്ഞു നിൽക്കും.

ചെയ്തുകൂട്ടിയതിന്റെ നിഷ്ഫലത അവസാനകാലത്താണ് ചക്രവർത്തിക്ക് ബോധ്യപ്പെട്ടത്.

ഇതുതന്നെയാണ് എല്ലാവരും നേരിടേണ്ടിവരുന്നത്. സ്നേഹിക്കാൻ ബാധ്യസ്ഥരായവരെ കൂട്ടിപ്പിടിച്ചോ? ആരും കാണുന്നില്ലെന്നു കരുതി ഞാൻ എന്തെല്ലാം ചെയ്തു? ഞാൻ ശരിക്കും ജീവിച്ചോ? - ഇത്തരം ചോദ്യങ്ങൾ ശക്തമായി ഉയരുന്നത് ജീവിത സായാഹ്നത്തിലായിരിക്കും. പരിഹാരം ചെയ്യാനുള്ള ശാരീരിക ശേഷിയോ സൗകര്യമോ അപ്പോൾ ഉണ്ടാകണമെന്നില്ല.

ജീവിതത്തിന്റെ മാർക്ക് ലിസ്റ്റ് ആരും ചോദിക്കില്ലെങ്കിലും സ്വയം അത് ഉള്ളിൽ തെളിഞ്ഞു നിൽക്കും. നല്ല മാർക്ക് സമ്പാദിക്കണമെങ്കിൽ സത്യത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് സമയാസമയം ചോദിക്കുകയും വഴി ശരിയായ ദിശയിലാക്കുകയും വേണം.

സ്വപ്നങ്ങൾക്ക് ചിറക് നൽകിയവർ



അധ്വാനത്തിലൂടെ ജീവിതം കെട്ടിപ്പടുക്കുന്ന പുതുതലമുറയിലെ വനിതകൾക്കുള്ള ആദരവാണ് മലബാർ വിഷന്റെ ഈ സംരംഭക സ്പെഷ്യൽ. സ്വപ്നങ്ങളെ സംരംഭങ്ങളാക്കി മാറ്റിയവരുടെയും, പ്രതിസന്ധികളെ ചങ്കൂറ്റത്തോടെ അതിജീവിച്ചവരുടെയും, കുടുംബത്തിന്റെ പിന്തുണയോടെ പുതിയ വഴികൾ വെട്ടിത്തുറന്നവരുടെയും ജീവിതകഥകൾ ഇവിടെ ഇടംപിടിക്കുന്നു. ഈ അനുഭവങ്ങൾ കൂടുതൽ സ്ത്രീകൾക്ക് ആത്മവിശ്വാസം പകരട്ടെ; സംരംഭകത്വത്തിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് വലിയൊരു പ്രചോദനമാകട്ടെ. കാരണം, ഒരു സ്ത്രീയുടെ നേട്ടം അവളുടെ മാത്രം നേട്ടമല്ല, അത് കുടുംബത്തിന്റെയും സമൂഹത്തിന്റെയുംകൂടി വിജയമാണ്.

ചെറിയ തുടക്കം വലിയ വിജയം

ചെറിയ മൂലധനത്തിൽ വീട്ടിലിരുന്ന് ആരംഭിക്കുന്ന കേക്ക് നിർമാണം, ഭക്ഷ്യസംരംഭം, തയ്യൽ, ബ്യൂട്ടി പാർലർ, കൃഷി, ഓൺലൈൻ വ്യാപാരം തുടങ്ങിയവ പലപ്പോഴും ഒരു കുടുംബത്തിന്റെ അടിസ്ഥാന വരുമാനമാർഗമായാണ് തുടങ്ങുന്നത്. എന്നാൽ കഠിനാധ്വാനത്തിലൂടെ അവ വളർന്ന് മറ്റുള്ളവർക്കുകൂടി തൊഴിൽ നൽകുന്ന വലിയ സ്ഥാപനങ്ങളായി മാറുന്നു. വിജയമെന്നത് ഒരു ദിവസംകൊണ്ട് സംഭവിക്കുന്ന അത്ഭുതമല്ല; തുടർച്ചയായ പരിശ്രമത്തിന്റെയും നിരന്തരമുള്ള പഠനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഫലമാണത്. പ്രതിസന്ധികളെ അതിജീവിച്ചും പുതിയ ആശയങ്ങളെ പ്രായോഗികമാക്കിയും സ്വന്തം അധ്വാനത്തിലൂടെ ജീവിതം പടുത്തുയർത്തുന്ന സ്ത്രീകൾ മറ്റുള്ളവർക്കും പ്രതീക്ഷ പകരുന്നു. ആ വിജയങ്ങളെ ആഘോഷിക്കുന്നതോടൊപ്പം, സംരംഭകരുടെ പിന്നിലെ അർപ്പണബോധവും പരാജയങ്ങളെ നേരിട്ട അനുഭവങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്.

സ്ത്രീകളെ ആദരിക്കുന്നത് ഒരു ദിവസത്തെ ആഘോഷത്തിൽ ഒതുങ്ങരുത്. അവരുടെ കഴിവുകളെ അംഗീകരിക്കുകയും സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുകയും തുല്യനീതിയുള്ള അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്ന നിരന്തരമായ സാമൂഹിക ഇടപെടലായി അത് മാറണം. സ്ത്രീശാക്തീകരണം എന്നത് കേവലം അവസരങ്ങൾ നൽകുന്നതിൽ മാത്രം അവസാനിക്കുന്നില്ല. സ്വന്തം കഴിവുകൾ തിരിച്ചറിയാനും സ്വതന്ത്ര തീരുമാനങ്ങളെടുക്കാനും സാമ്പത്തികമായി സ്വയംപര്യാപ്തത നേടാനും കഴിയുന്നൊരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കലാണ് അതിന്റെ യഥാർഥ ലക്ഷ്യം.

വിദ്യാഭ്യാസം, സുരക്ഷിതമായ തൊഴിലിടങ്ങൾ, തുല്യവേതനം, സ്വത്തവകാശം, സാമ്പത്തികസാക്ഷരത, സംരംഭകത്വപരിശീലനം, വിപണനസഹായം, കുടുംബത്തിന്റെ പിന്തുണ എന്നിവ ഈ മുന്നേറ്റത്തിന് അനിവാര്യമാണ്. ഒരു സ്ത്രീ മുന്നേറുമ്പോൾ സമൂഹവും തലമുറകളും നാടും കൂടിയാണ് വളരുന്നത്. അവൾക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുമ്പോൾ ഒരു വ്യക്തിയുടെ വളർച്ച മാത്രമല്ല, മറിച്ച് അവളുടെ കഴിവുകളിലൂടെ സമൂഹത്തിന് ലഭിക്കാമായിരുന്ന അനേകം സാധ്യതകളുടെ നിലവറയാണ് അടച്ചുപൂട്ടപ്പെടുന്നത്.

നമ്മുടെ സംരംഭകർ, നമ്മുടെ അഭിമാനം

താമരശ്ശേരി രൂപതയിലെ ശ്രദ്ധേയരായ ചില വനിതാ സംരംഭകരെ ഈ പതിപ്പിലൂടെ പരിചയപ്പെടുത്തുകയാണ്. സ്ഥലപരിമിതിമൂലം വളരെ കുറച്ചു സംരംഭകരെ മാത്രമേ ഈ ലക്കത്തിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുള്ളു. വരും ലക്കങ്ങളിൽ മലബാർ വിഷനിൽ ഇതൊരു സ്ഥിരം പംക്തിയായി തുടരാനാഗ്രഹിക്കുന്നു.

തങ്ങളുടെ കഠിനാധ്വാനത്തിലൂടെ വിജയത്തിന്റെ പുതുവഴികൾ വെട്ടിത്തുറന്ന പെൺകരുത്തുകളെ തുടർന്നുള്ള പേജുകളിൽ പരിചയപ്പെടാം. അവരുടെ സംരംഭങ്ങളെ വളർത്താൻ ശ്രമിക്കാം. സ്ത്രീകൾക്ക് സംരംഭങ്ങൾ തുടങ്ങാനും വികസിപ്പിക്കാനും സഹായിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളെക്കുറിച്ചും ഈ ലക്കത്തിൽ വായിക്കാം.

"കർത്താവ് വിശുദ്ധ സ്ഥലത്തിനുവേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല, ജനത്തിനുവേണ്ടി സ്ഥലം തിരഞ്ഞെടുക്കുകയാണു ചെയ്തത്. അതിനാൽ, ജനത്തിന്റെ കഷ്ടതകളിലും ഐശ്വര്യത്തിലും ആ സ്ഥലവും പങ്കുചേർന്നു." (2 മക്കബായർ 5: 19 – 20)
മരിയൻ വോയേജ് ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ

ഫാ. ജോസഫ് മാളിയേക്കൽ
(ഹൃദയ പാലിയേറ്റീവ് കെയർ, ഇരിങ്ങാലക്കുട) നയിക്കുന്ന
വിശുദ്ധ നാട് തീർത്ഥാടനം
2027 ഫെബ്രുവരി 1 ന് ആരംഭിക്കുന്നു
നെബോ മല
ബെത്‌ലഹേം
ജോർദാൻ, ഇസ്രായേൽ, ഈജിപ്ത്
Rs: 1,80000/-
കൂടുതൽ വിവരങ്ങൾക്ക്:
Mariyan Voyage, Irinjalakuda
പ്രധാനസ്ഥലങ്ങൾ
അമ്മാൻ, മൗണ്ട് നെബോ, റെഡ് സീ, കാന, നസ്രത്, മൗണ്ട് താബോർ, കഫർനാം, ബെത്‌ലഹേം, ജെറുസലേം, മൗണ്ട് സീനായ്, കെയ്റോ
Fly BEYOND BORDERS
info@fbbtravels.co.in
https://fbbtravels.com
9 Night 10 Day

ഫാ. റോബിൻ പാലാട്ടി (BLM ധ്യാനകേന്ദ്രം ആളൂർ - ഇരിങ്ങാലക്കുട)
Italy, Vatican, Bosnia, Switzerland, France, Spain, Portugal (7 Countries) with Medjugorje
നോം – യൂറോപ്പ് തീർത്ഥാടനം
2027 ഏപ്രിൽ 4 മുതൽ 19-ാം തിയ്യതി വരെ
15 night 16 day
കൂടുതൽ വിവരങ്ങൾക്ക്:
Mariyan Voyage, Irinjalakuda
Vatican
Medjugorje
Fathima
Switzerland
Lourdes Grotto
പ്രധാന സ്ഥലങ്ങൾ
ROME, VATICAN, CROATIA, ASSISSI, MEDJUGORJE, VENICE, PADUA, SWITZERLAND, MOUNT TITILIS, PARIS, ROSA MYSTICA, LISIEUX, LOURDES, AVILA, FATHIMA, LISBON
Mariyan Voyage, Irinjalakuda

അമേരിക്കൻ ടൂർ (മെക്സിക്കോ) 2027 ഒക്ടോബർ ആദ്യവാരം പുറപ്പെടുന്നു
14 Night - 15 Day
Jose Antony Maliekkal : 9961 471 736
John Joseph Ainikkal : 9497 624 825, Anthony Johnson : 9820 086 548

കോട്ടക്കലിന്റെ മുഖം മിനുക്കിയ മുപ്പതാണ്ട്



നീഗൽ ഡൊമിനിക്
ചിറ്റേട്ട്
(കോട്ടക്കൽ)

ബാർബർ ഷോപ്പാണെന്ന് തെറ്റിദ്ധരിച്ച് പലരും ബുദ്ധിമുട്ടിച്ചപ്പോൾ നിർത്തിയാലോ എന്ന് പോലും ആലോചിച്ചിരുന്നു

30 വർഷം മുമ്പാണ് കോട്ടക്കലിൽ ബ്യൂട്ടി പാർലർ തുടങ്ങുന്നത്. ബെംഗളൂരുവിൽ നിന്ന് കോഴ്സ് കഴിഞ്ഞ് കോട്ടക്കൽ ടൗണിൽ പള്ളിക്ക് അടുത്ത് ചെറിയൊരു കടമുറിയിലായിരുന്നു തുടക്കം. അന്ന് ഈ നാട്ടുകാർക്ക് ബ്യൂട്ടി പാർലർ എന്താണെന്ന് പോലും അറിയില്ലായിരുന്നു. ഇതൊരു ബാർബർ ഷോപ്പാണെന്ന് തെറ്റിദ്ധരിച്ച് പലരും ബുദ്ധിമുട്ടിച്ചപ്പോൾ നിർത്തിപ്പോയാലോ എന്ന് പോലും ഞാൻ ആലോചിച്ചു. ഭർത്താവ് ഡൊമിനിക്കാണ് പിടിച്ചുനിൽക്കാൻ എനിക്ക് കരുത്ത് പകർന്നത്. കോട്ടക്കൽ ആര്യ വൈദ്യശാലയിൽ നിന്നു ഡോക്ടമാരും മറ്റും വന്നു തുടങ്ങിയതോടെ ഇത് മുന്നോട്ടുപോകുമെന്ന് എനിക്ക് തോന്നി. അവർ നൽകിയ ആത്മവിശ്വാസം വളരെ വലുതായിരുന്നു.

അന്ന് 600 രൂപ വാടകയും 100 രൂപ കറന്റ് ബില്ലും അടച്ച് തുടങ്ങിയ സംരംഭം ഇന്ന് കോട്ടക്കലിലെ തായ്ഫ് വുമൺസ് മാളിൽ 'റീഗൽസ് ലൗലി ലേഡി' എന്ന പേരിൽ രണ്ട് നിലകളിലായി 3000 സ്കയർ ഫീറ്റിൽ, അത്യാധുനിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. 15 സ്റ്റാഫുകളാണ് നിലവിലുള്ളത്. ഈ ചുറ്റുവട്ടത്തായി 28-ൽ കൂടുതൽ ബ്യൂട്ടി പാർലറുകൾ ഉള്ളതിനാൽ ശക്തമായ മത്സരമാണ് നേരിടുന്നത്. എങ്കിലും, അത്യാധുനിക സൗകര്യങ്ങളും പുതിയ ടെക്നോളജിയും മികച്ച കസ്റ്റമർ സർവീസും ഉറപ്പാക്കുന്നതുകൊണ്ട് കസ്റ്റമേഴ്സ് എപ്പോഴും ഞങ്ങളെത്തന്നെ തേടിയെത്തുന്നു.

വെറും മുടിവെട്ടലും ത്രെഡിങ്ങും മാത്രമല്ല, സ്കിൻ അനലൈസ് ചെയ്തുള്ള കോസ്മെറ്റോളജി ട്രീറ്റ്മെന്റുകളാണ് ഞങ്ങൾ നൽകുന്നത്. ഇതിനായി നിരന്തരം പുതിയ കോഴ്സുകൾ പഠിച്ച് അപ്ഡേറ്റ് ചെയ്യാറുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായി സ്വന്തം കാലിൽ നിൽക്കാനും മികച്ച വരുമാനം കണ്ടെത്താനും കഴിയുന്ന ഏറ്റവും മികച്ചൊരു മേഖലയാണിത്.

ഫോൺ: **9495885886**

കുഞ്ഞുടുപ്പുകളിൽ വിരിഞ്ഞ വലിയ സ്വപ്നങ്ങൾ



അനിത പ്രശാന്ത്
പന്തയ്ക്കൽ
(കരുവാരകുണ്ട്)

മൂന്ന് പേരുമായി തുടങ്ങിയ ഒരു ചെറിയ സംരംഭം, ഇന്ന് 51 പേർക്ക് സ്വന്തം കാലിൽ നിൽക്കാൻ കരുത്തേകുന്ന ഒരു പ്രസ്ഥാനമായി വളർത്തിയ അനിത പ്രശാന്ത്

ടെക്സ്റ്റൈൽ ഡിസൈനിങ്ങും മാർക്കറ്റിങ്ങുമാണ് ഞാൻ പഠിച്ചത്. അഞ്ചു വർഷത്തോളം കിറ്റക്സ് ഗാർമെന്റ്സിൽ ഇൻഡസ്ട്രിയൽ എൻജിനീയറായി ജോലി ചെയ്തു. വിവാഹശേഷം, സ്വന്തമായി എന്തെങ്കിലും തുടങ്ങാമെന്ന ചിന്തയാണ് ഈ സംരംഭത്തിലേക്ക് എന്നെ എത്തിച്ചത്. ഭർത്താവിന്റെയും കുടുംബത്തിന്റെയും പ്രോത്സാഹനം എനിക്ക് കരുത്തായി. തുടക്കത്തിൽ വെറും 30,000 രൂപയുടെ തുണിത്തരങ്ങൾ വാങ്ങിയാണ് ജോലി ആരംഭിച്ചത്. വസ്ത്രങ്ങൾ എവിടെ വിൽക്കും എന്നൊന്നും വലിയ ധാരണയുണ്ടായിരുന്നില്ല. എങ്കിലും, ഒരു സുഹൃത്ത് വഴി ലഭിച്ച ചെറിയ ഓർഡറുകളിൽ തുടങ്ങി പതിയെ ഞങ്ങൾ സ്വന്തം മാർക്കറ്റ് കണ്ടെത്തി. ഇന്ന് 'സ്വാൻ ഗാർമെന്റ്സ്' എന്ന ഞങ്ങളുടെ സ്വന്തം ബ്രാൻഡിന് പുറമെ, കേരളത്തിനകത്തും പുറത്തുമായി പന്ത്രണ്ടോളം പ്രമുഖ ബ്രാൻഡുകൾക്ക് വേണ്ടിയും ഞങ്ങൾ വസ്ത്രങ്ങൾ ഡിസൈൻ ചെയ്തു നിർമ്മിച്ചു നൽകുന്നുണ്ട്.

നവജാത ശിശുക്കൾ മുതൽ അഞ്ചു വയസ്സുവരെയുള്ള പെൺകുട്ടികൾക്കുള്ള വസ്ത്രങ്ങളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ബിസിനസ്സ് വളർന്നതോടെ എന്റെ ഭർത്താവും അഭിഭാഷകനുമായ പ്രശാന്തും എനിക്കൊപ്പം ചേർന്നു. ഇപ്പോൾ അദ്ദേഹം അഡ്മിനിസ്ട്രേഷനും അക്കൗണ്ട്സും കൈകാര്യം ചെയ്യുമ്പോൾ, ഞാൻ പൂർണ്ണമായും പ്രൊഡക്ഷൻ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു.

ഇന്ന് എന്നോടൊപ്പം ജോലി ചെയ്യുന്ന 51 പേരിൽ ഭൂരിഭാഗവും ചുറ്റുപാടുമുള്ള സാധാരണ സ്ത്രീകളാണ്. അവർക്ക് വരുമാനവും ആത്മവിശ്വാസവും നൽകാൻ കഴിയുന്നു എന്നത് വലിയൊരു ചാരിതാർത്ഥ്യമാണ്.

ഫോൺ: **7994812555**

നഴ്സിങ്ങിൽ നിന്ന് സംരംഭകത്വത്തിലേക്ക്



ലിന്റ വിന്നീത്
ഓത്തിക്കൽ
(ആനക്കാംപൊയിൽ)

ടൈംപാസിന് തുടങ്ങിയ ബുട്ടിക് സൂപ്പർ ഹിറ്റാക്കിയ ലിന്റ വിന്നീത്

കോഴിക്കോടും ഖത്തറിലുമായി 12 വർഷത്തോളം നഴ്സായി ജോലി ചെയ്തു. ഗൾഫിലെ ജോലി മതിയാക്കി നാട്ടിൽ സെറ്റിൽ ചെയ്യണം എന്ന ആഗ്രഹത്തോടെയാണ് ഞാനും ഭർത്താവും തിരിച്ചെത്തുന്നത്. നാട്ടിൽ വെറുതെ ഇരിക്കുമ്പോൾ ഒരു ടൈം പാസിന് വേണ്ടി തുടങ്ങിയതാണ് ഇന്നീ കാണുന്ന വലിയ സംരംഭം.

പണ്ടുമുതലേ ഡ്രസ്സുകളോട് വലിയ താൽപര്യമായിരുന്നു. വനിതാ മാഗസിനുകളിലെ വസ്ത്രങ്ങളുടെ ചിത്രങ്ങൾ വെട്ടിയെടുത്ത് സൂക്ഷിക്കുന്ന ശീലമുണ്ടായിരുന്നു. ആ ഇഷ്ടമാണ് 2022 നവംബറിൽ തിരുവമ്പാടിയിൽ 'ഫ്ളോറൻസ' എന്ന ബുട്ടിക്കിന് തുടക്കമിടാൻ കാരണമായത്. രണ്ട് ജീവനക്കാരുമായി തുടങ്ങിയ സംരംഭം ഇന്ന് 80 പേർക്ക് നേരിട്ട് തൊഴിൽ നൽകുന്ന പ്രസ്ഥാനമായി വളർന്നു. ഇൻസ്റ്റഗ്രാം റീൽസിലൂടെയും ഫേസ്ബുക്കിലൂടെയുമാണ് ഞങ്ങൾ കൂടുതൽ പേരിലേക്ക് എത്തിയത്.

തുടക്കത്തിൽ പുറത്തുനിന്ന് വസ്ത്രങ്ങൾ വാങ്ങി വിൽക്കുകയായിരുന്നു. എന്നാൽ ദക്ഷിണേന്ത്യൻ സ്ത്രീകളുടെ ശരീരപ്രകൃതിക്ക് അനുയോജ്യമായ അളവുകളിൽ വസ്ത്രങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടായതോടെ ഫിറ്റിങ്ങിൽ മാറ്റങ്ങൾ വരുത്തി ഞങ്ങൾ സ്വന്തമായി നിർമ്മാണം ആരംഭിച്ചു. ഇന്ന് വിൽക്കുന്നതിൽ 80 ശതമാനവും ഞങ്ങളുടെ സ്വന്തം പ്രൊഡക്ഷനാണ്. കസ്റ്റമർ സാറ്റിസ്ഫാക്ഷനാണ് ഞങ്ങളുടെ ഏറ്റവും വലിയ കരുത്ത്. വാങ്ങുന്ന വസ്ത്രം ഇഷ്ടപ്പെട്ടില്ലെങ്കിൽ ഒരു മടിയും കൂടാതെ തിരിച്ചെടുക്കുകയോ മാറ്റി നൽകുകയോ ചെയ്യുന്ന പോളിസിയാണ് ഞങ്ങൾക്കുള്ളത്.

ഭർത്താവ് വിനീത് തോമസാണ് ബിസിനസിന്റെ ബാക്ക് എൻഡ് കാര്യങ്ങളെല്ലാം നോക്കുന്നത്. ഹോൾസെയിൽ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനൊപ്പം, കോഴിക്കോട് നഗരത്തിൽ ഒരു ഔട്ട്ലെറ്റ് ആരംഭിക്കാനുമാണ് ഭാവിയിൽ ലക്ഷ്യമിടുന്നത്.

ഫോൺ: **7558008126**

വിയോലെറ്റ്: സ്വപ്നങ്ങളുടെ പുതിയ ഫ്രെയിം



ചിഞ്ചു അറയ്ക്കൽ
(ദേവഗിരി)

കുടുംബത്തിന്റെ പിന്തുണയും സ്വന്തം സ്വപ്നങ്ങളിലുള്ള വിശ്വാസവുമാണ് കരുത്തെന്ന് ചിഞ്ചു അറയ്ക്കൽ

മോഡലിങ് ചെറുപ്പം മുതലേ താൽപര്യമുള്ള മേഖലയായിരുന്നു. വിവിധ ജ്വല്ലറികളുടെ മോഡലാകാൻ അവസരം ലഭിച്ചു. വലിയ ഹോർഡിങ്ങ്സുകളിൽ ഞാൻ മോഡലായ പരസ്യങ്ങൾ കാണുമ്പോൾ സന്തോഷം തോന്നാറുണ്ട്. സ്വന്തമായൊരു സംരംഭം ആരംഭിക്കുകയെന്നത് വലിയൊരു ആഗ്രഹമായിരുന്നു. ആ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് 'വിയോലെറ്റ്' എന്ന എന്റെ ഫോട്ടോഗ്രാഫി സ്റ്റുഡിയോ.

തുടക്കത്തിൽ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും ഇന്ന് സ്റ്റുഡിയോ അതിന്റേതായ നിലയിൽ നന്നായി പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും വെഡ്ഡിങ് ഫോട്ടോഗ്രാഫി, മോഡലിങ് ഫോട്ടോഷൂട്ടുകൾ എന്നിവയാണ് ഞങ്ങൾ ചെയ്യുന്നത്. കൂടാതെ പോർട്ട് ഫോളിയോ ഷൂട്ടുകളും ചെയ്തു കൊടുക്കുന്നുണ്ട്. ഫോട്ടോഗ്രാഫിരംഗത്ത് സാധാരണയായി പുരുഷന്മാരാണ് കൂടുതലെങ്കിലും, സ്ത്രീകൾക്കും ധൈര്യത്തോടെ കടന്നു വരാൻ കഴിയുന്ന മേഖലയാണിത്.

ഭർത്താവിന്റെയും കുടുംബത്തിന്റെയും പൂർണ്ണ പിന്തുണയാണ് ഈ യാത്രയിൽ എന്നെ മുന്നോട്ട് നയിക്കുന്ന ഏറ്റവും വലിയ കരുത്ത്. കുടുംബത്തിന്റെ പിന്തുണയുണ്ടെങ്കിൽ ഏത് പ്രതിസന്ധിയെയും നമുക്ക് മറികടക്കാം.

ഭർത്താവ്: സനു ജോർജ്. മക്കൾ: ആവറിൽ മരിയ സനു, ആഷ്രിൻ സനു, ആഡം ക്രിസ് സനു.

ഫോൺ: **7306422195**

അഭിഭാഷകയിൽനിന്ന് സംരംഭകയിലേക്ക്



അഞ്ജലി മാത്യു
പുത്തൻപുരയിൽ
(ദേവഗിരി)

വക്കീൽ ജോലി താൽക്കാലികമായി മാറ്റിവെച്ച് 'കപ്പയും കൂട്ടരും' എന്ന പേരിൽ നാടൻ ക്രിസ്ത്യൻ വിഭവങ്ങളുടെ റെസ്റ്റോറന്റ് ആരംഭിച്ച അഞ്ജലി മാത്യു

നാടൻ ക്രിസ്ത്യൻ വിഭവങ്ങൾക്ക് കോഴിക്കോട്ട് വലിയൊരു മാർക്കറ്റ് ഉണ്ടെന്ന തിരിച്ചറിവാണ് എന്നെ ഈ സംരംഭത്തിലേക്ക് നയിച്ചത്. കപ്പ വിഭവങ്ങളാണ് ഞങ്ങളുടെ റസ്റ്റോറന്റിലെ മുഖ്യആകർഷണം. അതുകൊണ്ടാണ് കപ്പയും കൂട്ടരും എന്ന പേര് നൽകിയത്. കോഴിക്കോട് മെഡിക്കൽ കോളജിനു സമീപം ഇരിങ്ങാടൻപള്ളിയിലാണ് സ്ഥാപനം.

അഭിഭാഷകവൃത്തിയും ബിസിനസ്സും ഒരുമിച്ച് കൊണ്ടുപോകാൻ ബുദ്ധിമുട്ടായപ്പോഴാണ് പ്രൊഫഷൻ തൽക്കാലം മാറ്റിനിർത്തി പൂർണ്ണമായും ഇതിലേക്ക് ഇറങ്ങിയത്. കോഴിക്കോട്ടുകാർക്ക് അത്ര പരിചിതമല്ലാത്ത എല്ലും കപ്പയും, പിടിയും കോഴിയും, പഴംപൊരിയും ബീഫും, നെയ്പ്പത്തലും ഒക്കെയാണ് ഞങ്ങളുടെ പ്രധാന വിഭവങ്ങൾ. നമ്മുടെ തനത് രുചിക്കൂട്ട് ആളുകൾക്ക് നൽകിത്തുടങ്ങിയപ്പോൾ വളരെ മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇന്ന് കേറ്ററിങ്ങ് വർക്കുകൾക്കും പാർട്ടികൾക്കും മറ്റുമായി ധാരാളം ഓർഡറുകൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്.

ഇൻസ്റ്റഗ്രാം പേജ് കാണാൻ സ്കാൻ ചെയ്യു.

അഭിഭാഷകയായിരുന്നപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ തികച്ചും വ്യത്യസ്തമായ വെല്ലുവിളികളാണ് ബിസിനസ്സിലുള്ളത്. സ്റ്റാഫുകളുടെ അപ്രതീക്ഷിത അവധിയും വെണ്ടർമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസവുമെല്ലാം ചില ദിവസങ്ങളിലെങ്കിലും കടുത്ത സമ്മർദ്ദമാണ് ഉണ്ടാക്കാറുള്ളത്. പക്ഷേ, ഒരു ദിവസം അവസാനിക്കുമ്പോൾ 'ഇന്ന് കാര്യമായി എന്തൊക്കെയോ ചെയ്തു' എന്ന വലിയൊരു സംതൃപ്തിയാണ്. ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയവ വഴിയും ദൃശ്യമാധ്യമങ്ങൾ വഴിയുമാണ് കൂടുതൽ ആളുകൾ ഞങ്ങളെപ്പറ്റി അറിഞ്ഞത്. അടുത്ത വർഷത്തോടെ കൂടുതൽ സ്ഥലങ്ങളിലേക്ക് ഞങ്ങളുടെ ഡൈൻ-ഇൻ റെസ്റ്റോറന്റ് വ്യാപിപ്പിക്കണം എന്നാണ് ഇപ്പോഴത്തെ ഏറ്റവും വലിയ സ്വപ്നം. കുടുംബത്തിന്റെ പൂർണ്ണ പിന്തുണയാണ് ഈ യാത്രയിൽ എന്നെ മുന്നോട്ട് നയിക്കുന്ന ഏറ്റവും വലിയ കരുത്ത്.

ഭർത്താവ്: ദേവഗിരി പുത്തൻപുരക്കൽ എബിൻ ജോസഫ്.
ഫോൺ: **9747099011**

രുചിയുടെ ഉത്തരേന്ത്യൻ വർണ്ണങ്ങൾ

കോവിഡ് കാലത്ത് സംരംഭകത്വത്തിലേക്ക് ചുവടുവെച്ച് 'മഡ്ക്കാ' റെസ്റ്റോറന്റിലൂടെ വിജയം നേടിയ സഹോദരിമാരായ ചിത്തിരയും ആതിരയും അശോകപുരം ഇടവകാംഗങ്ങളാണ്

സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്ന മോഹവുമായി നടന്ന രണ്ട് സഹോദരിമാരാണ് ഞങ്ങൾ. കോവിഡ് കാലത്ത് ജോലിസാധ്യതകൾ മങ്ങിയപ്പോൾ ആ മോഹം കൂടുതൽ തീവ്രമായി. അപ്പൻ എൻ.എം. ഷാജിയും അമ്മ റോസ്‌ലിയും പഠിച്ചതും ജോലി ചെയ്തതുമൊക്കെ ഉത്തരേന്ത്യയിലായിരുന്നു. അവധിക്കാലത്തെ യാത്രകളിൽ നിന്ന് ലഭിച്ച ആ നാട്ടിലെ തനതു രുചികൾ വൃത്തിയുള്ള ചുറ്റുപാടിൽ കോഴിക്കോട്ടെ ഭക്ഷണപ്രേമികൾക്ക് മുന്നിൽ എങ്ങനെയെത്തിക്കാം എന്ന ഞങ്ങളുടെ ചിന്തയാണ് എരഞ്ഞിപ്പാലം ജവഹർ നഗറിലെ 'മഡ്ക' എന്ന റെസ്റ്റോറന്റായി മാറിയത്.



ആതിരയും ചിത്തിരയും

വാടകക്കാരൊഴിഞ്ഞ സ്വന്തം കെട്ടിടം അപ്പനും അമ്മയും ഞങ്ങളുടെ ആശയത്തിനായി സന്തോഷത്തോടെ വിട്ടുതന്നു. ആദ്യം പതിനഞ്ചു പേർക്ക് ഇരിക്കാവുന്ന ഇടമായി തുടങ്ങിയ മഡ്കയിൽ ഇന്ന് 50 പേർക്ക് സൗകര്യമുണ്ട്. പാനി പൂരിയിലും ബേൽപൂരിയിലും തുടങ്ങി, ഇന്ന് വടാപാവ്, പാവ് ബാജി, ചിക്കൻ മോമോസ്, ബീഫ് കീമ, ലസി എന്നിങ്ങനെ നീളുന്നു മെനു. ഞങ്ങളുടെ ജോലിക്കാരൊക്കെ രാജസ്ഥാൻ, ഗുജറാത്ത്, ബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. രുചിക്ക് മാറ്റം വരാതിരിക്കാൻ ഒരു മാസ്റ്റർ ഷെഫിന്റെ സഹായത്തോടെ ഞങ്ങൾ മഡ്കയ്ക്കായി സ്വന്തം പാചകക്കൂട്ടുകൾ രൂപപ്പെടുത്തിയിട്ടുണ്ട്.



ഇന്റീരിയറിലും ആ ഒരു 'നോർത്ത് ഇന്ത്യൻ വൈബ്' കൊണ്ടുവരാൻ ഞങ്ങൾ ശ്രദ്ധിച്ചു. ഉത്തരേന്ത്യൻ ലോറിയുടെ ബോണറ്റ് ഗ്രിൽ ഡിസൈനിലുള്ള ക്യാഷ് കൗണ്ടറും, ട്രൈബൽ ആർട്ടും, ഊഞ്ഞാലുകളും വർണ്ണച്ചില്ലുകളുമെല്ലാം മഡ്കയെ വ്യത്യസ്തമാക്കുന്നു.

പുതിയൊരു സംരംഭം തുടങ്ങാൻ സ്വപ്നം കാണുന്നവരോട് പറയാനുള്ളത് ഇതാണ്: ബിസിനസ്സ് ഒരു ഞാണിന്മേൽ കളിയാണ്. പ്രതീക്ഷിച്ച പോലെ കാര്യങ്ങൾ നടന്നില്ലെങ്കിലും തളരരുത്. മാറ്റങ്ങളെക്കുറിച്ച് പഠിക്കാനും പുതുമകൾ കൊണ്ടുവരാനും തയ്യാറാകുക. ആത്മവിശ്വാസമുണ്ടെങ്കിൽ ഏത് വിജയവും നമുക്ക് എത്തിപ്പിടിക്കാം!
ഫോൺ: **6282118488**

ചെറുതുടക്കത്തിൽനിന്ന് സ്വന്തം ഹോട്ടലിലേക്ക്

പതിനായിരം രൂപയിൽ ആരംഭിച്ച സംരംഭത്തെ നെല്ലിപ്പൊയിൽ അങ്ങാടിയിലെ ഹോട്ടലായി വളർത്തിയ ജെസി തോമസ്. പ്രതിസന്ധികളെ അധ്വാനവും ആത്മവിശ്വാസവും കൊണ്ട് അതിജീവിച്ച സംരംഭക



ജെസി തോമസ്,
മങ്ങാട്ട്
(മഞ്ഞുവയൽ)

പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ പിടിച്ചുനിൽക്കാൻ തീരുമാനിച്ചതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവ്. ഭർത്താവ് ബിജു കേറ്ററിങ്ങ് മേഖലയിലായിരുന്നു ജോലി ചെയ്തിരുന്നത്. രണ്ടു വർഷം മുമ്പ് കയ്യിലുണ്ടായിരുന്ന പതിനായിരം രൂപകൊണ്ടാണ് സ്വന്തമായി കേറ്ററിങ്ങ് എന്ന ആശയത്തിലേക്ക് കടക്കുന്നത്. ആദ്യം ചെറിയ ഓർഡറുകൾ സ്വീകരിച്ച് വീട്ടിൽ നിന്ന് തയ്യാറാക്കി നൽകിയായിരുന്നു തുടക്കം.

ഇന്ന് നെല്ലിപ്പൊയിൽ അങ്ങാടിയിൽ ഒരു ഹോട്ടലായി എന്റെ സംരംഭം വളർന്നു. ദിവസവും രാവിലെ ആറരയോടെ ഹോട്ടലിലെ ഒരു ദിനം ആരംഭിക്കും. ചായയും പലഹാരങ്ങളും ഊണും പൊറോട്ടയുമൊക്കെയായി രാത്രി പത്തര വരെ ഹോട്ടൽ സജീവമാണ്. സ്പെഷ്യൽ ബിരിയാണിയും ഉപഭോക്താക്കൾക്കായി ഒരുക്കുന്നുണ്ട്. കല്യാണം അടക്കമുള്ള ആഘോഷ വേളകളിലേക്കുള്ള ഭക്ഷണം ബെസ്റ്റ് ചോയിസ് കേറ്റേഴ്സ് എന്ന പേരിൽ തയ്യാറാക്കി നൽകുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരത്തിനായി എത്തുന്ന ഗ്രൂപ്പുകൾക്ക് മുൻകൂട്ടി അറിയിച്ചാൽ ഭക്ഷണം തയ്യാറാക്കി നൽകും.



നെല്ലിപ്പൊയിലിലെ മങ്ങാടൻസ് കഫറ്റീരിയ

പാചകവാതകത്തിനും പച്ചക്കറി, പലചരക്ക് സാധനങ്ങൾക്കും വില കൂടുമ്പോൾ അത് ഞങ്ങളുടെ ബിസിനസ്സിനെയും സാരമായി ബാധിക്കാറുണ്ട്. എങ്കിലും ആളുകൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഞങ്ങൾ തയ്യാറല്ല. നല്ല ഭക്ഷണം നൽകുക എന്നത് തന്നെയാണ് ഞങ്ങളുടെ ലക്ഷ്യം.

മൂത്ത മകൾ ഞങ്ങളെ സഹായിക്കാനായി ഹോട്ടൽ ബിസിനസിലേക്കു വന്നു. ഞാനും ഭർത്താവും മകളും മറ്റ് ജീവനക്കാരും ഉൾപ്പെടെ ആറുപേരാണ് ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. പുതിയ ഹോട്ടലിന്റെ രൂപകൽപ്പന നിർവഹിച്ചത് മകനാണ്. ഇളയ മകളും ഞങ്ങളെ പിന്തുണയ്ക്കുന്നു. അധ്വാനിക്കാൻ തയ്യാറാണെങ്കിൽ ഏതൊരു പ്രതിസന്ധിയെയും മറികടക്കാനാകും എന്നതാണ് എന്റെ അനുഭവം.

മഞ്ഞുവയൽ മങ്ങാട്ട് ബിജുവാണ് ഭർത്താവ്. മക്കൾ: ജിസ്മി, ജെയിൻ, ജിനു.
ഫോൺ: **9745554930**

പ്ലം കേക്കിൽനിന്ന് പാലപ്പത്തിലേക്ക് ഒരു വിജയഗാഥ



സിസിലി ജോർജ്
മണ്ണൂപ്പറമ്പിൽ
(മലപ്പുറം)

വീട്ടിൽ ചുമ്മാ ഇരുന്നു മടുത്തപ്പോൾ തുടങ്ങിയ ഹോബി, നല്ലൊരു സംരംഭമായി വളർത്തിയെടുത്ത സിസിലി ജോർജ്

42 വർഷം മുമ്പ് കോട്ടയത്തു നിന്ന് മലപ്പുറത്തേക്ക് കുടിയേറിയവരാണ് ഞങ്ങൾ. ഭർത്താവ് ജോർജ് ജോസഫിന് പ്ലൈവുഡ് ബിസിനസാണ്. വീട്ടുപണികളൊക്കെ കഴിഞ്ഞ് വെറുതെയിരിക്കുന്നത് വളരെ ബോറിങ്ങായി തോന്നി. കൂട്ടുകാരുടെ പ്രോത്സാഹനംകൊണ്ടാണ് കേക്ക് നിർമാണം ആരംഭിച്ചത്. 24 വർഷം മുമ്പ് പ്ലംകേക്കുകൾ നിർമിച്ച് വിൽപ്പന ആരംഭിച്ചു. ആദ്യം സുഹൃത്തുക്കളൊക്കെയാണ് വാങ്ങിയത്. പിന്നീട് അതിന്റെ രുചിയറിഞ്ഞ് പലരും കേക്ക് ആവശ്യപ്പെട്ട് എത്തി. സ്കൂളുകളും ബാങ്കുകളും മറ്റു സ്ഥാപനങ്ങളുമൊക്കെ വലിയ ഓർഡറുകൾ തന്നു.

23 വർഷമായി പാലപ്പം വിപണനം ചെയ്യുന്നു. സിസീ ഫുഡ്സ് എന്ന പേരിലാണ് പാലപ്പ ബിസിനസ്. മലപ്പുറം ടൗണിലും പരിസരപ്രദേശങ്ങളിലുമുള്ള ഹോട്ടലുകാർക്കെല്ലാം ഞാൻ നിർമിക്കുന്ന പാലപ്പമാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഈ പ്രദേശങ്ങളിലെ പ്രമുഖ കേറ്ററിങ് കമ്പനികളെല്ലാം പാലപ്പം എടുക്കുന്നത് എന്റെ അടുത്തു നിന്നാണ്. ദിവസം ചുരുങ്ങിയത് 1000 പാലപ്പം വിൽക്കുന്നുണ്ട്. ചില പ്പോഴൊക്കെ പുതിയ ഓർഡറുകൾ എടുക്കാൻ കഴിയാത്തത്ര ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

കാളിറ്റിയിൽ ഒരു കോംപ്രൈമെസും വരുത്തില്ല. തേങ്ങാപ്പാലും ഈസ്റ്റും ചേർത്താണ് പാലപ്പമുണ്ടാക്കുന്നത്. വളരെ സോഫ്റ്റ് ആയതുകൊണ്ടുതന്നെ നല്ല അഭിപ്രായമാണ്. പുഡ്ഡിങ്ങുകൾ ആവശ്യക്കാർക്ക് നിർമിച്ചു നൽകുന്നുണ്ട്. ഹോട്ടലുകാരാണ് പ്രധാന കസ്റ്റമേഴ്സ്. കേറ്ററിങ്ങുകാരും പുഡ്ഡിങ് ആവശ്യപ്പെടാറുണ്ട്.

പുതുതായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ – ഏറ്റെടുക്കുന്ന കാര്യം വൃത്തിയായി ചെയ്യുക. അത് റിസൾട്ട് തരും.

ഫോൺ: **7736626186**

വിസ്മയം തീർത്ത് മഞ്ജുവും 'ബെസാലേൽ ആർട്സും'



മഞ്ജു സുനിൽ
ഇലഞ്ഞിക്കൽ
(തേഞ്ഞിപ്പലം)

നക്ഷത്രങ്ങളും ക്രിസ്മസ് അലങ്കാരങ്ങളും മറ്റു കരകൗശല വസ്തുക്കളും മഞ്ജുവിന്റെ കരവിരുതിൽ ഒരുങ്ങുന്നു

കരകൗശല വസ്തുക്കളോടും നിറങ്ങളോടും ചെറുപ്പം മുതലുള്ള ഇഷ്ടമാണ് എന്നെ സംരംഭകയാക്കിയെതെന്ന് പറയാം. ഒഴിവു സമയങ്ങൾ ചെലവഴിച്ചത് കരകൗശല വസ്തുക്കളുടെ നിർമാണവും ചിത്രം വരയുമൊക്കെയായാണ്. സുഹൃത്തുക്കൾ ആവശ്യപ്പെടുമ്പോൾ അവർക്കായും കരകൗശല വസ്തുക്കൾ നിർമിച്ചു നൽകും. ഇതൊരു സംരംഭമാക്കി മാറ്റാം എന്ന് ആദ്യം പറഞ്ഞത് അന്ന് ഞങ്ങളുടെ വികാരിയായിരുന്ന ഫാ. ആൽബിൻ സ്രാമ്പിക്കലായിരുന്നു. അച്ചന്റെ പ്രോത്സാഹനവും പിന്തുണയുമാണ് 'ബെസാലേൽ ആർട്സ്' എന്ന എന്റെ സംരംഭത്തിന് തുടക്കം കുറിച്ചത്. പുറപ്പാടിന്റെ പുസ്തകത്തിൽ വാഗ്ദാനപേടകം നിർമിക്കാൻ നിയോഗിക്കപ്പെട്ട കരകൗശല വിദഗ്ധനായ ബെസാലേലിന്റെ പേര് ഈ സംരംഭത്തിന് നിർദ്ദേശിച്ചതും അച്ചനാണ്.

ഓഫീസ് കഴിഞ്ഞുള്ള രാത്രി സമയങ്ങളിലും മറ്റ് ഒഴിവു വേളകളിലുമാണ് ഞാൻ ഉൽപ്പന്നങ്ങൾ നിർമിക്കുന്നത്. നക്ഷത്രങ്ങൾ, ക്രിസ്മസ് ട്രീകൾ, ടേബിൾ റണ്ണേഴ്സ്, ടേബിൾ ടോപ്പുകൾ, ഡോർ റീത്തുകൾ തുടങ്ങി മന്ത്രകോടിക്കൊട്ടയും ബാപ്റ്റിസം സെറ്റുകളും വരെ നിർമിച്ചു നൽകുന്നു.

വാട്സാപ്പ് സ്റ്റാറ്റസ് കണ്ടും പരിചയക്കാർ വഴിയും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കരകൗശല പരിശീലന പരിപാടികൾക്ക് ക്ലാസ് എടുക്കാൻ ക്ഷണം ലഭിക്കാറുണ്ട്. ഓൺലൈൻ പരിശീലന സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. വരും വർഷങ്ങളിൽ 'ബെസാലേൽ ആർട്സ്' മികച്ചൊരു ബ്രാൻഡ് ആക്കി വളർത്തിയെടുക്കണമെന്നതാണ് സ്വപ്നം.

ഭർത്താവ് സുനിൽ തോമസ് എന്റെ ഈ യാത്രയിൽ വലിയ പിന്തുണയുമായി കൂടെയുണ്ട്. മകൾ: ആൻ മരിയ. ഫോൺ: **9497364735**

പുട്ടുപൊടിയിൽ വിരിഞ്ഞ വിജയം



ലിസി ബെന്നി
തേക്കുംകാട്ടിൽ
(കാക്കവയൽ)

കോവിഡ് കാലത്തെ പ്രതിസന്ധി മറികടക്കാൻ തുടങ്ങിയ പുട്ടുപൊടി നിർമ്മാണം മികച്ച സംരംഭമാക്കി മാറ്റിയ ലിസി ബെന്നി

2013-ൽ കൂൺ കൃഷിയിലൂടെയാണ് സംരംഭക രംഗത്തേക്ക് കടന്നുവരുന്നത്. പരിശീലന ക്ലാസുകളിൽ നിന്ന് ലഭിച്ച അറിവുമാത്രമായിരുന്നു അന്നത്തെ കൈമുതൽ. ഏറെ ക്ഷമ വേണ്ട കൂൺ കൃഷിയിൽ ആദ്യമൊക്കെ നഷ്ടങ്ങളുണ്ടായെങ്കിലും പിന്മാറാൻ ഞാൻ തയ്യാറായിരുന്നില്ല. പതിയെ ആ സംരംഭം ലാഭകരമായി. അക്കാലത്ത് തന്നെ വിവിധതരം അച്ചാറുകളും നിർമ്മിച്ച് വിൽപന ആരംഭിച്ചിരുന്നു.

കോവിഡ് കാലമാണ് എന്റെ ജീവിതത്തിൽ പുതിയ വഴിത്തിരിവായത്. പ്രതിസന്ധികൾക്കിടയിൽ കൂടുതൽ വരുമാനം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പുട്ടുപൊടി നിർമ്മാണത്തിലേക്ക് തിരിഞ്ഞു. 'ലിസീസ്' എന്ന പേരിൽ പായ്ക്കറ്റുകളാക്കി അടുത്തുള്ള വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലുമൊക്കെ കയറിയിറങ്ങി. തുടക്കത്തിൽ പലരിൽ നിന്നും തണുപ്പൻ പ്രതികരണമായിരുന്നു. പക്ഷേ, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയിൽ എനിക്ക് വിശ്വാസമുണ്ടായിരുന്നു. അത് ഉപയോഗിച്ചുനോക്കിയവർ പിന്നീട് മറ്റുള്ളവരോട് പറഞ്ഞറിഞ്ഞ് പതിയെ ആവശ്യക്കാരേറി. ഇന്ന് കോഴിക്കോട് സിവിൽ സ്റ്റേഷനിലെ നിരവധി ഉദ്യോഗസ്ഥർ എന്റെ സ്ഥിരം ഉപഭോക്താക്കളാണ്. ഞായറാഴ്ചകളിൽ കോഴിക്കോട് നഗരത്തിലെ പള്ളികളിലും പുട്ടുപൊടിയും അച്ചാറുകളും നേരിട്ടെത്തിക്കുന്നുണ്ട്. ഇപ്പോൾ പ്രതിദിനം 55 കിലോ അരിയുടെ പുട്ടുപൊടി വിൽപ്പന നടത്തുന്നു.

പ്രമേഹ രോഗികൾക്കുകൂടി ധൈര്യമായി കഴിക്കാവുന്ന പുതിയ പുട്ടുപൊടി കൂട്ടുകൾ ഉടൻ വിപണിയിലെത്തിക്കും. പരാജയങ്ങളിൽ തളരാതെ പ്രത്യാശയോടെ മുന്നോട്ട് പോയാൽ മാത്രമേ നമുക്ക് വിജയിക്കാനാകൂ എന്ന് ഞാൻ വിശ്വസിക്കുന്നു.

ഭർത്താവ് ബെന്നിയും, മകൻ ജോബിൻസും, മകൾ ജോസ്നയുമടങ്ങുന്ന കുടുംബം പൂർണ്ണ പിന്തുണയുമായി ഒപ്പമുണ്ട്.
ഫോൺ: **9496292941**

കോവിഡിനെ തോൽപ്പിച്ച 'പ്രിയം' മസാല!

പ്രതിസന്ധികൾ വരും; പക്ഷേ, നിശ്ചയദാർഢ്യമുണ്ടെങ്കിൽ നമുക്ക് അതെല്ലാം മറികടക്കാം എന്നതാണ് ഞങ്ങളുടെ അനുഭവം.

2019 ഓഗസ്റ്റിൽ എംഎസ് എംഐ സിസ്റ്റേഴ്സ് സംഘടിപ്പിച്ച ട്രെയിനിങ് ക്ലാസിൽ പങ്കെടുത്തുകൊണ്ടാണ് ഞങ്ങൾ മസാലപ്പൊടി നിർമ്മാണത്തിലേക്ക് കടക്കുന്നത്. ആദ്യം ഞങ്ങൾ മൂന്നുപേരുണ്ടായിരുന്നു, പക്ഷെ ആരോഗ്യ സംബന്ധമായ ബുദ്ധിമുട്ടുകൾ കാരണം കൂടെയുണ്ടായിരുന്ന ഒരാൾക്ക് പിന്മാറേണ്ടി വന്നു. കൈയിൽ ഒരു രൂപ പോലുമില്ലാതെയാണ് ഞങ്ങൾ ഇറങ്ങിത്തിരിച്ചത്. സംരംഭം തുടങ്ങുന്നതിനായി താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡി മുഖേന ജെ.എൽ.ജി വഴി ലോൺ എടുത്തു. മറ്റു മില്ലുകളിൽ നിന്ന് പൊടിപ്പിച്ച് പായ്ക്കറ്റുകളിലാക്കിയ ഉൽപ്പന്നങ്ങളുമായി ഞങ്ങൾ വാർഡിലെ എല്ലാ വീടുകളിലും ഒരു വർഷത്തോളം കയറിയിറങ്ങി. പതിയെപ്പതിയെ ആളുകൾ ഞങ്ങളുടെ ഉൽപ്പന്നങ്ങൾ തേടിവരാൻ തുടങ്ങി.

പക്ഷേ, കോവിഡ് വന്നതോടെ എല്ലാം അടച്ചുപൂട്ടി. സംരംഭം നിർത്തേണ്ട അവസ്ഥയിലായി. ആ സമയത്ത് പഞ്ചായത്ത് വലിയ പിന്തുണ തന്നു. അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം നൽകാൻ ഞങ്ങളുടെ പൊടികൾ അവർ ആവശ്യപ്പെട്ടു. അതൊരു വലിയ പിടിവള്ളിയായി. പിന്നീട് കോടഞ്ചേരി–ഈങ്ങാപ്പുഴ റൂട്ടിൽ ഈസ്റ്റ് കുപ്പായക്കോട് റോഡ് സൈഡിൽ മൂന്ന് സെന്റ് സ്ഥലം വാങ്ങി. കെട്ടിടം പണിതു. ജില്ലാ പഞ്ചായത്തിന്റെ സബ്സിഡിയോടെ മെഷീനുകളും ഡ്രയറും വാങ്ങി.



മോളി സിറിയക്
വെട്ടിക്കാനാൽ
(കള്ളോത്ത്)



ഷൈല സണ്ണി
പടപ്പനാനിക്കൽ
(കുപ്പായക്കോട്)

വിവിധ തരം മസാലപ്പൊടികൾക്കൊപ്പം ഇറച്ചി, മീൻ, നാരങ്ങ, മാങ്ങ, ബീറ്റ്റൂട്ട് അച്ചാറുകളും ഞങ്ങൾ വിപണിയിലെത്തിക്കുന്നു. ചമ്മന്തിപ്പൊടി, അവലോസ്, അരിയുണ്ട എന്നിവയുമുണ്ട്. വിദേശത്തേക്കു കൊണ്ടുപോകാൻ ആളുകൾ നേരിട്ട് വന്ന് ഓർഡർ നൽകാറുണ്ട്. കൊടുവള്ളിയിലെ 12 ബ്ലോക്കുകളിൽ കുടുംബശ്രീ ഹോം ഷോപ്പ് വഴിയും, ഈങ്ങാപ്പുഴ, കുപ്പായക്കോട് എന്നിവിടങ്ങളിലെ കടകളിലൂടെയും പ്രിയം എന്ന ബ്രാൻഡിലാണ് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത്.

ഫോൺ: **9645243732, 9645732702**

അക്ഷരവെളിച്ചവുമായി 'ദ ലേണിങ് കോർണർ'



ജെസി ജെയിൻ
അറയ്ക്കൽ
(ദേവഗിരി)

പഠനവൈകല്യമുള്ള കുട്ടികളെ ചേർത്തുപിടിക്കുന്ന ജെസി ജോസഫ്

പഠനവൈകല്യമുള്ള കുട്ടികൾക്കായുള്ള ദേവഗിരി 'ആശാകിരൺ' സ്പെഷ്യൽ സ്കൂളിലെ 33 വർഷത്തെ സേവനത്തിന് ശേഷം 2024-ൽ വിരമിച്ചപ്പോൾ, ഈ മേഖലയിൽ ഇനിയും എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമാണ് എന്നെ മുന്നോട്ട് നയിച്ചത്. ആ മോഹത്തിൽ നിന്നാണ് 2025-ൽ ദേവഗിരി കോളജിനടുത്ത് 'ദ ലേണിങ് കോർണർ' എന്ന ഐ.ഇ.പി (IEP Individualized Education Program) സെന്റർ ആരംഭിച്ചത്.

പഠനത്തിൽ പിന്നാക്കം നിൽക്കുന്നതും ഭാഷാപരമായ ബുദ്ധിമുട്ടുകൾ നേരിടുന്നതുമായ കുട്ടികൾക്ക് വേണ്ടിയാണ് പ്രധാനമായും ഈ സംരംഭം ആരംഭിച്ചത്. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സിബിഎസ്ഇ, മറ്റ് ഇംഗ്ലീഷ്-മലയാളം മീഡിയം കുട്ടികൾ ഇവിടെ പഠിക്കാനെത്തുന്നുണ്ട്. സാധാരണ ട്യൂഷൻ സെന്ററുകളിലെ തിരക്കിൽ ഇവർക്ക് പലപ്പോഴും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ വരും. അക്ഷരങ്ങൾ കൂട്ടി വായിക്കാനും ഉച്ചാരണം ശരിയാക്കാനും അവർക്ക് പ്രത്യേക പരിശീലനം ആവശ്യമാണ്. തങ്ങളുടെ കുട്ടികൾക്ക് പഠനവൈകല്യമുണ്ടെന്ന് അംഗീകരിക്കാനോ പുറത്തുപറയാനോ പല മാതാപിതാക്കൾക്കും ഇന്നും മടിയാണ്. അത്തരം കുട്ടികളെ ചേർത്തുപിടിച്ച്, അവർക്ക് ആവശ്യമായ കരുതൽ നൽകുകയാണ് ഞങ്ങൾ ചെയ്യുന്നത്.

ഒരു ബിസിനസ്സ് എന്ന നിലയിലോ പണസമ്പാദനത്തിനായോ അല്ല ഞാൻ ഇതിറങ്ങിത്തിരിച്ചത്. അക്ഷരങ്ങൾ തിരുത്തിയും കൂട്ടി വായിക്കാൻ പഠിച്ചും കുട്ടികൾ പഠനത്തിൽ മുന്നേറുന്നത് കാണുമ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തിയാണ് എന്റെ ഏറ്റവും വലിയ സമ്പാദ്യം. എന്നോടൊപ്പം പരിശീലനം നേടിയ മറ്റൊരു അധ്യാപിക കൂടിയുണ്ട്. ഓരോ കുട്ടിക്കും അവരുടേതായ കഴിവുകളുണ്ട്, അവർക്ക് വേണ്ടത് അൽപം സ്നേഹവും കരുതലും മാത്രമാണ്. ആ ലക്ഷ്യത്തിലേക്കുള്ള എന്റെ ചെറിയൊരു ചുവടുവെപ്പാണ് 'ദ ലേണിങ് കോർണർ'.

ഭർത്താവ്: ജെയിൻ അറയ്ക്കൽ, മക്കൾ: ജോജോ ജെയിൻ, ജിയോ ജെയിൻ. ഫോൺ: **9249385318**

നാല് ചുവരുകൾക്ക് അപ്പുറം വിരിഞ്ഞ 'ഇതൾ'



നിത ജോബിഷ്
വെള്ളപ്പാക്കൽ
(കുന്നമംഗലം)

സ്മാർട്ട്ഫോണും ഇൻസ്റ്റഗ്രാമും ഉപയോഗിച്ച് 'ഇതൾ ബൈ നിത' എന്ന ബ്രാൻഡ് കെട്ടിപ്പടുത്ത നിത ജോബിഷ്

ഗർഭകാലവും പ്രസവവും കഴിഞ്ഞുള്ള സമയം ഏതൊരു സ്ത്രീയെയും സംബന്ധിച്ച് ശാരീരികമായും മാനസികമായും ഏറെ മാറ്റങ്ങൾ നിറഞ്ഞതാണ്. ഫാഷൻ ഡിസൈനിങ് പഠനം പൂർത്തിയാക്കിയെങ്കിലും പ്രസവശേഷം ജോലിക്ക് പോകാൻ കഴിയാതെ വീട്ടിൽ തന്നെ ഒതുങ്ങിപ്പോയ ഒരു സമയമുണ്ടായിരുന്നു എനിക്കും. വെറുതെ ഇരിക്കാതെ പുതിയതായി എന്തെങ്കിലും ചെയ്യണമെന്ന ചിന്തയിൽ നിന്നുമാണ് സ്വന്തമായി ഒരു സംരംഭം എന്ന ആശയത്തിലേക്ക് ഞാൻ എത്തുന്നത്. അങ്ങനെ രണ്ട് വർഷം മുൻപാണ് ചെറിയൊരു ജ്വല്ലറി ബിസിനസ്സിലേക്ക് ചുവടുവെക്കുന്നത്.

കമ്മലുകളും ഹെയർ ആക്സസറീസും പോലുള്ള ചെറിയ ആഭരണങ്ങളാണ് 'ഇതൾ ബൈ നിത' (Ithal by Nitha) എന്നു പേരിട്ടിരിക്കുന്ന എന്റെ സംരംഭത്തിലൂടെ പ്രധാനമായും വിൽക്കുന്നത്. എന്റെ ബ്രാൻഡിന് പേര് നൽകിയിരിക്കുന്നത് മകളുടെ പേരിൽ നിന്നാണ്. കോഴിക്കോട്, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നിന്നും ഹോൾസെയിലായി സാധനങ്ങൾ വാങ്ങിയാണ് വിൽപ്പന നടത്തുന്നത്. ആഭരണങ്ങളുടെ ഫോട്ടോകൾ വീട്ടിലിരുന്ന് തന്നെ എഡിറ്റ് ചെയ്ത് ഇൻസ്റ്റഗ്രാം പേജിലൂടെ ആളുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഓഡർ അനുസരിച്ച് ആഭരണങ്ങൾ കുറിയർ ചെയ്തു നൽകും. നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുമായിരുന്ന എനിക്ക് ഈ സംരംഭം നൽകിയ ആത്മവിശ്വാസവും ഊർജ്ജവും വളരെ വലുതാണ്.

ഭർത്താവ്: കുന്നമംഗലം വെള്ളപ്പാക്കൽ ജോബിഷ്. മക്കൾ: എയ്ബെൽ, ഇതൾ.

രുചിയുടെ ലോകത്ത് പുതിയ മേൽവിലാസം



റിൻസി മനു
വെളുത്തേടത്ത്
(അമലാപുരി)

ആറ് മക്കളെയും നോക്കി ഒരു സംരംഭം വിജയിപ്പിക്കാൻ സാധിക്കുമോ എന്നു ചോദിക്കുന്നവർക്ക് മറുപടിയുമായി റിൻസി മനു

നഴ്സിങ് ജോലി ഉപേക്ഷിച്ച് പൂർണ്ണമായും വീട്ടമ്മയുടെ റോളിലേക്ക് മാറിയപ്പോൾ, വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ വെറുതെയിരിക്കാൻ മനസ്സ് അനുവദിച്ചില്ല. സ്വന്തമായി വരുമാനം കണ്ടെത്തണം എന്ന ആഗ്രഹമാണ് സംരംഭകയാകാൻ എന്നെ പ്രേരിപ്പിച്ചത്. അങ്ങനെയാണ് ഏറ്റവും താൽപര്യമുള്ള പാചക ലോകത്തേക്ക് ഞാൻ കടന്നുവരുന്നത്.

രുചിയേറിയ ഭക്ഷണങ്ങൾ ഉണ്ടാക്കുക എന്നത് പണ്ടേ ഒരുപാട് ഇഷ്ടമുള്ള കാര്യമായിരുന്നു. എന്റെ അമ്മ മികച്ച രീതിയിൽ പാചകം ചെയ്യും. ആ രുചിപ്പാരമ്പര്യത്തിനൊപ്പം യൂട്യൂബ് വീഡിയോകൾ നോക്കിയും നിരന്തരം പരീക്ഷണങ്ങൾ നടത്തിയുമാണ് അച്ചാറുകൾ നിർമിക്കാൻ ആരംഭിച്ചത്. കുടുംബവും സുഹൃത്തുക്കളും നൽകിയ പ്രോത്സാഹനം എനിക്ക് ഊർജ്ജമായി.

രുചിയുടെയും ഗുണമേന്മയുടെയും കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഞാൻ തയ്യാറായിരുന്നില്ല. യാതൊരുവിധ പ്രിസർവേറ്റീവുകളും അച്ചാറുകളിൽ ചേർക്കാറില്ല. ഓർഡറുകൾ ലഭിക്കുന്നതിനനുസരിച്ച് രണ്ടു മൂന്നു കിലോയുടെ ചെറിയ ബാച്ചുകളായാണ് അച്ചാറുകൾ തയ്യാറാക്കുന്നത്. കൃത്യമായ സമയമെടുത്ത് നിർമ്മിക്കുന്നതുകൊണ്ട് പെട്ടെന്നൊന്നും അവ ചീത്തയായി പോകില്ല. വാട്സാപ്പ്, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങൾ വഴിയാണ് പ്രധാനമായും ഓർഡറുകൾ കണ്ടെത്തുന്നത്. ഇതിനു പുറമെ കോഴിക്കോട്ടെ റീഗൽ ബേക്കറി വഴിയും ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ട്. സ്വന്തമായി അധ്വാനിച്ച് വരുമാനം കണ്ടെത്തുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസവും സന്തോഷവും പറഞ്ഞറിയിക്കാനാവാത്തതാണ്.

ഭർത്താവ്: മനു തോമസ്. മക്കൾ: ക്രിസ് മനു, കരോൾ മനു, ഈഥൻ മനു, എയ്ഡൻ മനു, ഹെയ്സൽ മനു, ലിയം മനു.

ഫോൺ: **6282049574**

ആ 'കൈപ്പുണ്യം' ഒരു ബിസിനസ്സായി



മരിയ ഗ്രേസ്
കണ്ടത്തിൻകര
(ഊരകം)

ഏത് പലഹാരമുണ്ടാക്കിയാലും അതിലൊരു കൈപ്പുണ്യമുണ്ടെന്ന ഭർത്താവിന്റെ പിന്തുണയാണ് തന്നെ സംരംഭകയാക്കിയതെന്ന് മരിയ ഗ്രേസ്

രുചികരമായ ഭക്ഷണമുണ്ടാക്കുക എന്നത് ഏറെ ഇഷ്ടമുള്ള കാര്യമാണ്. ഏത് കറിയുണ്ടാക്കിയാലും പലഹാരമുണ്ടാക്കിയാലും അതിലൊരു 'കൈപ്പുണ്യം' ഉണ്ടെന്ന് എന്റെ ഭർത്താവ് എപ്പോഴും പറയുമായിരുന്നു. ആ വലിയ പ്രോത്സാഹനമാണ് സ്വന്തമായി ഒരു ഫുഡ് പ്രോസസ്സിങ് യൂണിറ്റ് എന്ന ആശയത്തിലേക്ക് എന്നെ എത്തിച്ചത്. അങ്ങനെയാണ് കുഴലപ്പം, വട്ടയപ്പം, അവലോസുണ്ട, ചമ്മന്തിപ്പൊടി തുടങ്ങിയ നാടൻ പലഹാരങ്ങളുമായി ഞാൻ ഈ സംരംഭം ആരംഭിക്കുന്നത്.

2018-ലാണ് ഞങ്ങൾ ഈ രംഗത്തേക്ക് കടന്നുവരുന്നത്. മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതിനിടയിലാണ് കോവിഡ് പ്രതിസന്ധി വരുന്നത്. അതോടെ കുറച്ചുകാലം എല്ലാം നിർത്തിവയ്ക്കേണ്ടി വന്നു. പിന്നീട് 2022-ൽ വീണ്ടും സജീവമായി. ഇടയ്ക്ക് മകളുടെ വിവാഹവും മറ്റുമൊക്കെയായി ചെറിയൊരു ഇടവേള വന്നെങ്കിലും ഇപ്പോൾ കൂടുതൽ ഉൽപ്പന്നങ്ങളുമായി വിപണിയിൽ സജീവമാണ്. പലഹാരങ്ങൾക്ക് പുറമെ മീൻ അച്ചാറും ഞങ്ങൾ വിപണിയിൽ എത്തിച്ചുതുടങ്ങി. കൂടാതെ പരിപ്പുവട, പഴംപൊരി തുടങ്ങിയവയുണ്ടാക്കി ഹോസ്റ്റലുകളിലും വിതരണം ചെയ്യുന്നുണ്ട്.

ബേക്കറികളിലും ചിപ്സ് വറുത്തുനൽകുന്ന കടകളിലുമാണ് പ്രധാനമായും ഞങ്ങളുടെ ഉൽപ്പന്നങ്ങൾ ഹോൾസെയിലായി നൽകുന്നത്. ഇതിനുപുറമെ, പള്ളികളിലെ ഫണ്ട് ശേഖരണത്തിനും മറ്റുമായി പത്ത് രൂപയുടെ പാക്കറ്റുകളായി പലഹാരങ്ങൾ നൽകാറുണ്ട്. കുഴലപ്പവും മറ്റും എളുപ്പത്തിൽ മിക്സ് ചെയ്യാൻ ഒരു മെഷീൻ വാങ്ങാനും, ഇതിനു മാത്രമായി ഒരു പുതിയ യൂണിറ്റ് തുടങ്ങാനുമുള്ള തയ്യാറെടുപ്പിലാണിപ്പോൾ. ഏജൻസികൾ വഴി വിതരണം വിപുലമാക്കാനും, വൈകാതെ തന്നെ ഒരു ഓൺലൈൻ വിപണിയിലേക്ക് കടക്കാനും പദ്ധതിയുണ്ട്.

ഭർത്താവ്: ജോർജ്ജ് (ബെന്നിച്ചൻ). ശിൽപ, ശീതൾ, സോണി എന്നിവർ മക്കൾ.

ഫോൺ: **9074992086**

അതിജീവനത്തിന്റെ മധുരം; 'അമ്മൂസ് ഡിലൈറ്റ്സ്'

ചികിത്സയുടെ ക്ഷീണത്തിൽനിന്ന് സംരംഭകത്വത്തിന്റെ ആത്മവിശ്വാസത്തിലേക്ക് നടന്ന ഡോണിയ മരിയ



ഡോണിയ മരിയ
കൊച്ചിലാത്ത്
(ആനക്കാംപൊയിൽ)

സ്തനാർബുദത്തിനുള്ള ചികിത്സ കഴിഞ്ഞ സമയമായിരുന്നു അത്. ആകെ ക്ഷീണിച്ച് വളരെ ബോറടിച്ചിരുന്ന സമയത്ത് വെറുതെ ഒരു മാറ്റത്തിനായി കോഴിക്കോട് വെച്ച് നടന്ന ഒരു കേക്ക് നിർമ്മാണ ക്ലാസ്സിൽ പങ്കെടുത്തു. അവിടെ നിന്നാണ് എന്റെ ജീവിതത്തിന്റെ പുതിയ അധ്യായം തുടങ്ങുന്നത്. 2017-ലാണ് ആ ക്ലാസ്സിൽ പങ്കെടുത്തത്. പിന്നീട് വീട്ടിലെയും സുഹൃത്തുക്കളുടെയുമൊക്കെ ആവശ്യത്തിനായി കേക്കുകൾ ഉണ്ടാക്കി നൽകി. 2018 മുതൽ അത്യാവശ്യം ഓർഡറുകൾ ലഭിച്ചു തുടങ്ങി. അങ്ങനെയാണ് 'അമ്മൂസ് ഡിലൈറ്റ്' എന്ന പേരിൽ ഇതൊരു സംരംഭമാക്കി മാറ്റാൻ ഞാൻ തീരുമാനിക്കുന്നത്. വീട്ടിൽ നിന്ന് തന്നെയാണ് കേക്കുകൾ നിർമ്മിച്ച് നൽകുന്നത്. വിപ്പിംഗ് ക്രീം കേക്കുകൾക്കാണ് ഇവിടെ കൂടുതൽ ആവശ്യക്കാരുള്ളത്.

സോഷ്യൽ മീഡിയ വഴിയും മറ്റും ആളുകൾ എന്നെക്കുറിച്ച് അറിയുകയും അന്വേഷിച്ച് വരികയും ചെയ്യുന്നുണ്ട്. ഈ കഴിഞ്ഞ രണ്ട് വർഷമായി പ്ലം കേക്കുകളും ഉണ്ടാക്കുന്നുണ്ട്. ഇത്തവണത്തെ ക്രിസ്മസിന് കൂടുതൽ ഓർഡറുകൾ എടുക്കാനായി പുതിയ ഓവൻ വാങ്ങാൻ സാധിച്ചു. ഇപ്പോൾ സർപ്രൈസ് ഗിഫ്റ്റ് ഹാംപറിങ്ങും ചെയ്തു നൽകുന്നു.

നാട്ടിൽ തന്നെയാണ് ഇപ്പോൾ നിൽക്കുന്നതെന്നതിനാൽ അപ്പനും അമ്മയും എല്ലാത്തിനും പൂർണ്ണ പിന്തുണയുമായി എന്റെ കൂടെ തന്നെയുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവ് പ്രമോദും എന്റെ ഇഷ്ടങ്ങൾക്ക് എപ്പോഴും കരുത്തായി നിൽക്കുന്നു. സ്വന്തമായി അധ്വാനിച്ച് സമ്പാദിക്കുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസവും സന്തോഷവും പറഞ്ഞറിയിക്കാൻ കഴിയില്ല. ഫോൺ: **8943746415**

പാഷൻ ബേക്ക് ചെയ്ത വിജയഗാഥ

ഒൻപതാം ക്ലാസിൽ തുടങ്ങിയ ബേക്കിങ് പ്രണയം ഡിഗ്രി പഠനകാലത്ത് സംരംഭമാക്കി വളർത്തി



ചെൽസിയ മേരി മാത്യു
മഞ്ചാടിയിൽ
(കാക്കവയൽ)

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ തുടങ്ങിയതാണ് പാചകത്തോടും ബേക്കിങ്ങിനോടുമുള്ള പാഷൻ. വീട്ടിൽ ആദ്യമായി ഒരു ഓവൻ വാങ്ങിയപ്പോൾ, അമ്മയുടെ അനിയത്തി നൽകിയ റെസിപ്പി വെച്ചാണ് ആദ്യത്തെ കേക്ക് ഉണ്ടാക്കുന്നത്. പിന്നീട് യൂട്യൂബ് നോക്കി കൂടുതൽ കാര്യങ്ങൾ സ്വയം പഠിച്ചെടുത്തു. ഡിഗ്രി പഠനകാലത്ത് ഒരു സുഹൃത്തിന്റെ നിർബന്ധത്തെ തുടർന്നാണ് ബേക്കിംഗ് വീണ്ടും ഞാൻ തുടങ്ങുന്നത്. മേരിസ് കിച്ചൻ എന്ന സംരംഭം ആരംഭിക്കുന്നത് അങ്ങനെയാണ്.

എന്റെ മാമ്മോദീസ പേരായ 'മേരി' എന്ന പേരിനോടുള്ള ഇഷ്ടം കൊണ്ടും, അതൊരു അനുഗ്രഹമാകട്ടെ എന്ന് കരുതിയുമാണ് സംരംഭത്തിന് 'മേരീസ് കിച്ചൺ' എന്ന് പേരിട്ടത്. പെൺകുട്ടികൾ സുരക്ഷിതമായ ഒരു ജോലി കണ്ടെത്തണം എന്ന പരമ്പരാഗത ചിന്തയായിരുന്നു മാതാപിതാക്കൾക്ക്. ബിസിനസ്സിലെ റിസ്ക് എടുക്കാൻ അവർക്ക് പേടിയായിരുന്നു. എന്നാൽ എന്റെ ഗ്രാൻഡ് മദറും അമ്മയുടെ പപ്പയും വലിയ പിന്തുണ നൽകി. ആദ്യത്തെ ഓവൻ വാങ്ങാൻ പണം നൽകിയത് അവരാണ്. സുഹൃത്തുക്കളുടെ പിന്തുണയും എനിക്ക് കരുത്ത് നൽകി.

ബർത്ത്ഡേ കേക്കുകൾ, പ്ലം കേക്കുകൾ, ചീസ് കേക്കുകൾ, ഗിഫ്റ്റ് ഹാംപറുകൾ, ഹോംമെയ്ഡ് ചോക്ലേറ്റുകൾ, ബൊക്കകൾ എന്നിവയാണ് ഇപ്പോൾ പ്രധാനമായും ചെയ്യുന്നത്. തിരുവമ്പാടി പെരുമാലിപ്പടിയിൽ ഇതൊരു ഷോപ്പായി നടത്തുന്നുണ്ട്. ഭാവിയിൽ ഇതൊരു മികച്ച ഹോം ബേക്കിങ് കഫേ ആക്കി മാറ്റുക എന്നതാണ് എന്റെ സ്വപ്നം. ഒരു പാഷനുണ്ടെങ്കിൽ, അതിനായി ആത്മാർത്ഥമായി പരിശ്രമിക്കാൻ മനസുണ്ടെങ്കിൽ നമുക്ക് വിജയം നേടാം എന്നതാണ് എന്റെ അനുഭവം.
ഫോൺ: **9074666591**

യൂട്യൂബ് റെസ് സ്വന്തം ബ്രാ

മക്കൾക്കായി വീട്ടിലുണ്ടാക്കിയൊരു വാട്സ്ആപ്പ് സ്റ്റാറ്റസിട്ടതോടെ പിറന്ന



ജീന ആന്റണി
കാവുങ്കൽ
(ആനക്കാംപൊയിൽ)

കോ

ലക്ഷ്യത്തോ
ആദ്യമായി
ന്നത്. മക്കൾ
ഒന്ന് പരീക്ഷ
ത്രം വാട്സ്
സുഹൃത്തുക
ഉണ്ടാക്കി ത
അതായിരുന്
ക്കുള്ള ആദ്യ

തുടക്കത്തെ
മാത്രമാണ്
മമ്മ' എന്ന ബ്രാൻഡിൽ കേക്കുകൾ
വൈറ്റ് ഫോറസ്റ്റ്, ചോക്ലേറ്റ്, ബട്ടർസ്
മാംഗോ, പൈനാപ്പിൾ, ഓറഞ്ച്, സ്ട്
എല്ലാവിധ കേക്കുകളും പ്ലം കേക്കു
ഷ് പൈനാപ്പിൾ ഉപയോഗിച്ച് കൃത്രി
ഉണ്ടാക്കുന്ന കേക്കുകൾക്ക് ആവശ്യ
മെ, വിവാഹങ്ങൾക്കും ബേക്കറികൾ
ചറും വലിയ ഓർഡറുകളായി ചെയ്
മീഡിയ വഴിയാണ് ഇപ്പോൾ കൂടുത

ഭർത്താവ് ആന്റണി ജോസഫും,
അന്ന അൽഫോൻസ, ലൂക്ക ജോർജ്
ണയും പ്രോത്സാഹനവും ചെറുതല്ല
നമ്മുടെ കഴിവിൽ വിശ്വസിച്ച് സ്വന്ത
ങ്കിലും ചെയ്യാൻ ശ്രമിച്ചാൽ ഏതൊര
ണക്കാരിക്കും ഒരു വരുമാനമാർഗ്ഗം
സാധിക്കുമെന്നാണ് എന്റെ അനുഭവ

ഫോൺ: **8943256325**

ലോക്ക്ഡൗൺ ഹോബിയിൽ നിന്ന് ബ്രാൻഡിലേക്ക്

യൂട്യൂബ് നോക്കി തുടങ്ങിയ ബേക്കിംഗ് ഇന്ന് ശ്രദ്ധേയമായൊരു സംരംഭം



സിനി ബൈജു
ഇളയിടത്ത്
(കോടഞ്ചേരി)

കൊറോണക്കാലത്ത് വീട്ടിലെ അടുക്കളയിൽ ചെറിയൊരു പരീക്ഷണമെന്ന നിലയിൽ യൂട്യൂബ് നോക്കി തുടങ്ങിയതാണ് കേക്ക് നിർമ്മാണം. അതൊരു സംരംഭമായി വളരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. തുടക്കത്തിൽ ആശങ്കകളുണ്ടായിരുന്നു; കേക്ക് നന്നാവുമോ, മറ്റുള്ളവർക്ക് ഇഷ്ടപ്പെടുമോ എന്നൊക്കെ. എന്നാൽ ആദ്യത്തെ കേക്കുകൾക്ക് തന്നെ മികച്ച അഭിപ്രായം ലഭിച്ചത് വലിയ ആത്മവിശ്വാസം നൽകി.

മകൾ ആൻമരിയയുടെ നിർബന്ധപ്രകാരമാണ് ഞാൻ ഈ സംരംഭത്തിലേക്ക് തിരിയുന്നത്. അവളുടെ പിന്തുണ ഇല്ലായിരുന്നെങ്കിൽ ഞാൻ ഇത് തുടങ്ങുമായിരുന്നില്ല. അവളാണ് ഈ സംരംഭത്തിന് 'കേക്ക് ലോഞ്ച്' എന്ന പേര് നിർദ്ദേശിച്ചത്. സോഷ്യൽ മീഡിയയിൽ പ്രചാരം നൽകിയതും അവളാണ്. എന്റെ ഭർത്താവ് ബൈജുവിന്റെയും ഇളയ മകൻ അലോണിന്റെയും പിന്തുണയും എടുത്തു പറയേണ്ടതാണ്.

തുടക്കത്തിൽ ഒരുപാട് വെല്ലുവിളികൾ ഉണ്ടായിരുന്നു. വീടിന്റെ പരിമിതികളും സാമ്പത്തിക ബുദ്ധിമുട്ടുകളും. ദൈവാനുഗ്രഹത്താൽ അതെല്ലാം മറികടക്കാനായി. ഉപഭോക്താക്കളുടെ സന്തോഷം കാണുമ്പോഴാണ് എന്റെ ശ്രമങ്ങൾ വിജയിച്ചുവെന്ന് എനിക്ക് തോന്നുന്നത്.

കേക്ക് ലോഞ്ച് എന്ന സംരംഭം എന്റെ ജീവിതത്തിൽ വലിയൊരു മാറ്റം കൊണ്ടുവന്നു. എന്റെ മാത്രം കഴിവുകൊണ്ടല്ല, എനിക്ക് പിന്തുണ നൽകിയ എന്റെ കുടുംബത്തിന്റെയും, സുഹൃത്തുക്കളുടെയും, എന്നെ വിശ്വസിച്ച എല്ലാവരുടെയും പ്രോത്സാഹനംകൊണ്ടാണത്.

ഫോൺ: **70252 97232**

കൗതുകത്തിൽ വിരിഞ്ഞ മധുരക്കൂട്ട്

കൊറോണക്കാലത്തെ കൗതുകത്തിൽ തുടങ്ങിയ കേക്ക് നിർമാണം ഇന്ന് മികച്ചൊരു സംരംഭം



സിനി സന്തോഷ്
കരിക്കണ്ടത്തിൽ
(കോടഞ്ചേരി)

കൊറോണക്കാലത്ത് വെറുതെ വീട്ടിൽ ഇരുന്നപ്പോൾ ഒരു കൗതുകത്തിന്റെ പുറത്താണ് ആദ്യമായി കേക്ക് ഉണ്ടാക്കി നോക്കുന്നത്. അത് അടുത്തുള്ള വീടുകളിലെ ആളുകൾക്ക് നൽകിയപ്പോൾ അവർക്ക് അത് ഒരുപാട് ഇഷ്ടപ്പെട്ടു. പിന്നീട് അയൽക്കാർ ആവശ്യപ്പെട്ടതനുസരിച്ച് കേക്കുകൾ ഉണ്ടാക്കി നൽകാൻ തുടങ്ങി. അവിടെ നിന്നാണ് എന്റെ സംരംഭക യാത്ര തുടങ്ങുന്നത്.

'മിന്നൂസ് കേക്ക്സ്' എന്നാണ് സംരംഭത്തിന് നൽകിയിരിക്കുന്ന പേര്. യൂട്യൂബ് വീഡിയോകൾ നോക്കിയാണ് കേക്ക് നിർമ്മാണത്തിന്റെ കൂടുതൽ കാര്യങ്ങൾ പഠിച്ചെടുത്തത്. നിലവിൽ വൈറ്റ് ഫോറസ്റ്റ്, ബ്ലാക്ക് ഫോറസ്റ്റ്, ചോക്ലേറ്റ് തുടങ്ങിയ കേക്കുകളാണ് പ്രധാനമായും നിർമ്മിച്ചു നൽകുന്നത്. ഓർഡർ അനുസരിച്ച് മാത്രമാണ് കേക്കുകൾ തയ്യാറാക്കി നൽകുന്നത്. ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങൾ വഴിയും ഓർഡറുകൾ ലഭിക്കുന്നു. ഇതുവരെ കേക്കുകളെക്കുറിച്ച് ഉപഭോക്താക്കൾ എല്ലാവരും നല്ല അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്.

കേക്ക് വിൽപ്പനയ്ക്കായി ഒരു പ്രത്യേക ഷോപ്പ് തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. വീട്ടിൽ നിന്ന് തന്നെ ചെയ്യുന്ന രീതിയിലും ലഭിക്കുന്ന വരുമാനത്തിലും ഞാൻ പൂർണ്ണ തൃപ്തയാണ്. എന്റെ ഈ സംരംഭത്തിന് വീട്ടിൽ നിന്ന് എല്ലാവരുടെയും നല്ല പിന്തുണയാണ് ലഭിക്കുന്നത്.

ഭർത്താവ്: സന്തോഷ്. മക്കൾ: അലീന, അലൻ.
ഫോൺ: **96561 81890**

നാടൻ രു നേട്ടങ്ങളുടെ

പാചകത്തോടുള്ള ഇഷ്ട
മാറ്റിയ സംരംഭകയാത്ര



ഷീന ബൈജു
തെങ്ങുംമൂട്ടിൽ
(കൽക്കുണ്ട്)

കു

ശേഷവും അ
പരീക്ഷിക്കു
ഇവിടുത്തെ
വഴി കരുവാ
സിയിൽ നി
നൽകാമോ
ഓർഡർ ല
റോസ്റ്റ്, ചിക്
യൽ, തോര
അവർക്കായി
ഭക്ഷണം എ
അതൊരു ത

കുണ്ട് പോലീസ് സ്റ്റേഷനിലെ പരിച
അവസരം ലഭിച്ചു. അത് കൂടുതൽ
ന്ന് പഞ്ചായത്തിൽ കുടുംബശ്രീ വഴി
സേഫ്റ്റി ലൈസൻസ് എടുക്കുകയും
ദിവസത്തെ ഫുഡ് ട്രെയിനിംഗിലും

ഇപ്പോൾ റിസോർട്ടുകളിലേക്ക്
പേർക്കായുള്ള ബിരിയാണി, ഫ്രൈ
കളും പതിവായി ചെയ്തു നൽകുന്
തെ വീട്ടിലുണ്ടാക്കുന്ന തനി നാടൻ
കൽക്കുണ്ട് പള്ളിയിലെ പെരുന്നാളി
നൽകിയതു സന്തോഷം നൽകുന്ന
യായിരുന്ന ഫാ. അരുൺ ചീരമറ്റം
ത്സാഹനവും നന്ദിയോടെ ഓർക്കുന്
വരുമാനം കണ്ടെത്തുമ്പോൾ ലഭിക്കു
വും പറഞ്ഞറിയിക്കാനാവാത്തതാണ്
കുടുംബത്തിന്റെയും പ്രോത്സാഹനം
അലക്സ്, ഫെലിക്സ്. ഫോൺ: **907**

...ിപ്പിയിൽനിന്ന് ...ൻഡിലേക്ക്

...കേക്കിന്റെ ചിത്രം ...സംരംഭം

...വിഡ് കാലത്ത് ഒരു അധിക വരുമാനം കണ്ടെത്തുകയെന്ന ...ടെയാണ് യൂട്യൂബ് നോക്കി ...രു കേക്ക് ഉണ്ടാക്കാൻ ശ്രമിക്കു ...ക്ക് കഴിക്കാൻ വേണ്ടി വെറുതെ ...ിച്ചതായിരുന്നു. അതിന്റെ ചി ...ആപ്പ് സ്റ്റാറ്റസ് ആക്കിയപ്പോൾ ...ളും ബന്ധുക്കളും കേക്ക് ...ാൻ ആവശ്യപ്പെട്ടു തുടങ്ങി. ...നു എന്റെ സംരംഭകത്വത്തിലേ ...ു ചുവടുവെപ്പ്.

...തിൽ ചെറിയ ഓർഡറുകൾ ...ചയ്തിരുന്നത്. ഇന്ന് 'പേസ്ട്രി ... വിൽക്കുന്നു. ബ്ലാക്ക് ഫോറസ്റ്റ്, ...കോച്ച് എന്നിവയ്ക്ക് പുറമെ ...ട്രാബെറി, ബ്ലൂബെറി തുടങ്ങി ...കളും തയ്യാറാക്കുന്നുണ്ട്. ഫ്ര ...മ ചേരുവകൾ ഒന്നുമില്ലാതെ ...ക്കാർ ഏറെയാണ്. ഇതിനുപുറ ...ക്കുമായി ഉണ്ണിയപ്പവും മിക്സ് ...തു നൽകുന്നുണ്ട്. സോഷ്യൽ ...ൽ ഓർഡറുകളും വരുന്നത്.

...മക്കളായ സിയാനോ മരിയ, ...ഇ എന്നിവരും നൽകുന്ന പിന്തു ... പ്രതിസന്ധികളിൽ തളരാതെ, ...മായി എന്തെ ...ു സാധാര ...കണ്ടെത്താൻ ...ം.

ഇഷ്ടരുചി തേടിയ യാത്ര സ്വന്തം സംരംഭമായി

രുചിക്കൊപ്പം ഗുണമേന്മയ്ക്കും പ്രാധാന്യം നൽകി മുന്നേറുകയാണ് ലിജി റോഷൻ



ലിജി റോഷൻ
കാവുങ്കൽ
(അമലാപുരി)

പുറത്ത് നിന്ന് കേക്കുകൾ വാങ്ങുമ്പോൾ പലപ്പോഴും അതിന്റെ ഗുണനിലവാരത്തിലും രുചിയിലും എനിക്ക് തൃപ്തി തോന്നിയിരുന്നില്ല. അങ്ങനെയാണ് സ്വന്തമായി ഒരു കേക്ക് ഉണ്ടാക്കാൻ പരിശ്രമിച്ചത്. തുടക്കത്തിൽ ഞാൻ ഉണ്ടാക്കിയ കേക്കുകൾ സുഹൃത്തുക്കൾക്കും കുട്ടികളുടെ ജന്മദിനാഘോഷങ്ങൾക്കും നൽകിയപ്പോൾ അവരിൽ നിന്ന് മികച്ച പ്രതികരണങ്ങളാണ് ലഭിച്ചത്. ഈ അഭിപ്രായങ്ങളാണ് ഹോം ബേക്കിങ് രംഗത്തേക്ക് വരാൻ എനിക്ക് വലിയ ആത്മവിശ്വാസം നൽകിയത്. അങ്ങനെയാണ് 'ബേസിൽ കേക്ക്സ്' എന്ന പേരിൽ സംരംഭം ആരംഭിക്കുന്നത്. പ്ലം കേക്കുകളും വിവിധതരം ക്രീം കേക്കുകളുമാണ് ഞാൻ കൂടുതലായും ഉണ്ടാക്കുന്നത്. പണസമ്പാദനത്തേക്കാൾ ഉപരി കേക്കുകളുടെ ഗുണനിലവാരത്തിനും വ്യക്തികളുടെ ആരോഗ്യത്തിനുമാണ് ഞാൻ മുൻഗണന നൽകുന്നത്. എന്റെ മകൾക്ക് അലർജിയുള്ളതിനാൽ ഗ്ലൂട്ടൻ ഫ്രീ (Gluten free) ഭക്ഷണമേ കഴിക്കാൻ പാടുള്ളൂ. എന്നാൽ യാതൊരുവിധ കൃത്രിമ വസ്തുക്കളും ചേർക്കാതെ ഞാൻ വീട്ടിൽ തയ്യാറാക്കുന്ന കേക്കുകൾ അവൾ കഴിച്ചപ്പോൾ യാതൊരു ആരോഗ്യപ്രശ്നങ്ങളും ഉണ്ടായില്ല. അതുപോലെ ഒരു സുഹൃത്തിന്റെ കടുത്ത ആസ്തമയുള്ള കുട്ടിക്ക് ഈ കേക്ക് നൽകിയപ്പോഴും കുഴപ്പങ്ങളൊന്നും ഉണ്ടായില്ല എന്നത് എന്നെ സംബന്ധിച്ച് വലിയൊരു ദൈവാനുഗ്രഹമായാണ് ഞാൻ കാണുന്നത്.

സുഹൃത്തുക്കൾ വഴിയാണ് ഓർഡറുകൾ കൂടുതലായും ലഭിക്കുന്നത്. എന്റെ ഈ ഹോം ബേക്കിങ് യാത്രയിൽ പൂർണ്ണ പിന്തുണ നൽകി കൂടുംബം എനിക്കൊപ്പമുണ്ട്. ഭർത്താവ് റോഷൻ. മക്കൾ: കെവിൻ, ജെസിക്ക.

ഫോൺ: **9446581766**

പാഷന് ചിറകുനൽകി; 'ക്രീമൗണ്ട്' പിറന്നു

രുചികരമായ കേക്കുകളും പിസകളും ഒരുക്കുന്ന അജിയുടെ അടുത്ത സ്വപ്നം കഫെറ്റീരിയ



അജി ടോമി
പുതുപ്പറമ്പിൽ
(ആനക്കാംപൊയിൽ)

ഐടി മേഖലയിലെ തിരക്കുകളിൽ നിന്നാണ് കേക്ക് നിർമ്മാണത്തിലേക്ക് എത്തുന്നത്. ബാംഗ്ലൂരിലായിരുന്നു ജോലി. പിന്നീട് ബാങ്കിങ് മേഖലയിലും ജോലി ചെയ്തു. എന്നാൽ ഉള്ളിലെ പാഷൻ എപ്പോഴും എനിക്കൊപ്പം ഉണ്ടായിരുന്നു. പാഷന്റെ പുറത്താണ് സംരംഭം തുടങ്ങുന്നത്.

കോവിഡ് സമയത്താണ് കൂടുതൽ സമയം കേക്ക് നിർമ്മാണത്തിലേക്ക് ശ്രദ്ധ നൽകാൻ കഴിഞ്ഞത്. ഇപ്പോൾ ആനക്കാംപൊയിൽ കണ്ടപ്പൻചാലിൽ ഒരു ഔട്ട്ലെറ്റ് ഉണ്ട്. 'ക്രീമൗണ്ട്' എന്നാണ് എന്റെ സംരംഭത്തിന്റെ പേര്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന വിവിധ തരം കേക്കുകളാണ് ഞങ്ങൾ തയ്യാറാക്കുന്നത്. കസ്റ്റമൈസ്ഡ് കേക്കുകൾ, തീം കേക്കുകൾ തുടങ്ങിയവയെല്ലാം ഇവിടെ ലഭ്യമാണ്. പ്രിസർവേറ്റീവ്സ് ഒന്നും ചേർക്കാതെ ഗുണമേന്മയുള്ള കേക്കുകൾ നിർമ്മിക്കുന്നതിനാണ് എപ്പോഴും മുൻഗണന നൽകുന്നത്. വിവിധതരം പിസകളും തയ്യാറാക്കുന്നുണ്ട്. ഭാവിയിൽ ഈ ഔട്ട്ലെറ്റിനെ ഒരു കഫെറ്റീരിയയോ റസ്റ്റോറന്റോ ആക്കി മാറ്റണമെന്നാണ് ആഗ്രഹം. കൂടുതൽ വെറൈറ്റി വിഭവങ്ങൾ ജനങ്ങളിലേക്ക് എത്തിക്കണം.

ഭർത്താവും മക്കളും നൽകുന്ന പിന്തുണയും പ്രോത്സാഹനവുമാണ് എനിക്ക് കരുത്തേകുന്നത്. ഓരോരുത്തരുടെയും ഉള്ളിൽ എന്തെങ്കിലുമൊക്കെ കഴിവുകളുണ്ടാകും അതിലേക്ക് ഇറങ്ങിത്തിരിച്ചാൽ തീർച്ചയായും വിജയിക്കാൻ സാധിക്കുമെന്നാണ് എന്റെ അനുഭവം. കഠിനാധ്വാനവും സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ ഏത് മേഖലയിലും നമുക്ക് വിജയം കണ്ടെത്താനാകും.

ഫോൺ: **9400976417**

...ചിയിൽ ...കൈയൊപ്പ്

...ത്ത വരുമാനമാർഗമാക്കി

...ാലം മുതൽക്കേ പാചകം ...രെ ഇഷ്ടമായിരുന്നു. വിവാഹ ...ടുക്കളയിൽ പുതിയ രുചികൾ ...നത് ഇഷ്ടമായിരുന്നു. 2016-ൽ ...ഒരു ആശാവർക്കർ ചേച്ചി ...കുണ്ട് ഗവൺമെന്റ് പി.എച്ച്. ...ന് നാടൻ ഭക്ഷണം ഉണ്ടാക്കി ...എന്ന് ചോദിച്ച് എനിക്കൊരു ...ച്ചു. നാടൻ രുചിയിൽ ബീഫ് ...ൻ ഫ്രൈ, മീൻ, മോര്, അവി ...ൻ, അച്ചാർ തുടങ്ങിയവയാണ് ...അന്ന് തയ്യാറാക്കിയത്. ആ ...ല്ലാവർക്കും ഒരുപാട് ഇഷ്ടമായി. ...ടക്കമായി. പിന്നീട് കരുവാര ...ാടിക്കും ഭക്ഷണം നൽകാൻ ...ആത്മവിശ്വാസം പകർന്നു. തുടർ ...ി രജിസ്റ്റർ ചെയ്യുകയും ഫുഡ് ...ം ചെയ്തു. വണ്ടൂരിൽ നടന്ന 22 ...ഞാൻ പങ്കെടുത്തു.

...പ്രാതൽ നൽകുന്നുണ്ട്. 20-30 ...ഡ് റൈസ്, ചിക്കൻ ഓർഡറു ...ു. രാസവസ്തുക്കൾ ചേർക്കാ ...രുചിയാണ് എന്റെ പ്രത്യേകത. ...ന് 45 കിലോ ബീഫ് കറി വെച്ച് ...ഓർമ്മയാണ്. അന്ന് വികാരി ...നൽകിയ പിന്തുണയും പ്രോ ...ു. സ്വന്തമായി അധ്വാനിച്ച് ഒരു ...ുന്ന സംതൃപ്തിയും സന്തോഷ ...ഭർത്താവ് ബെജുവിന്റെയും ... വലിയ കരുത്താണ്. മക്കൾ: ...2247155

നൂലിഴകളിൽ നെയ്തെടുത്ത സ്വപ്നങ്ങൾ

വീട്ടിലെ ചെറിയ മുറിയിൽ നിന്ന് തുടങ്ങി ടൈലറിങ് സംരംഭത്തിലേക്ക് വളർന്ന ഷീബ ബിജു



ഷീബ ബിജു
മുക്കാട്ടുകാവിൽ
(കാക്കവയൽ)

തയ്യലിനോടുള്ള ഇഷ്ടമാണ് ഇന്ന് എന്റെ ജീവിതമാർഗ്ഗമായി മാറിയത്. തയ്യൽ ശാസ്ത്രീയമായി പഠിച്ചെടുത്തശേഷം, വീട്ടിലിരുന്ന് സുഹൃത്തുക്കൾക്കും അടുത്തുള്ളവർക്കും വസ്ത്രങ്ങൾ തയ്ച്ചു നൽകിയാണ് ഞാൻ ഈ രംഗത്തേക്ക് കടന്നുവരുന്നത്. ആളുകൾ പെട്ടെന്ന് ശ്രദ്ധിച്ചു തുടങ്ങി. വസ്ത്രങ്ങൾ തയ്ച്ചുകിട്ടാൻ എത്തുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചതോടെയാണ്, വീട്ടിലെ പരിമിതികളിൽ നിന്ന് മാറി സ്വന്തമായി ഒരു ടൈലറിങ് ഷോപ്പ് എന്ന ആശയത്തിലേക്ക് ഞാൻ എത്തുന്നത്.

2016-ൽ ഈങ്ങാപ്പുഴയിൽ 'ഇസ ലേഡീസ് ടൈലറിങ്' എന്ന പേരിൽ സ്വന്തമായി ഒരു ടൈലറിങ് ഷോപ്പിന് തുടക്കം കുറിച്ചു. ചുരിദാർ, ബ്ലൗസ് തുടങ്ങി എല്ലാവിധ ലേഡീസ് ഡ്രസ്സുകളുടെയും സ്റ്റിച്ചിങ് ഇവിടെ മികച്ച രീതിയിൽ ചെയ്തു നൽകുന്നുണ്ട്. ഒരു ചെറിയ സംരംഭമായി തുടങ്ങിയ എന്റെ ഷോപ്പ് ഇന്ന് വളരെ മികച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. ഉപഭോക്താക്കളുടെ ഇഷ്ടാനുസരണം മികച്ച ഡിസൈനുകളിൽ കൃത്യതയോടെ വസ്ത്രങ്ങൾ ഒരുക്കി നൽകാൻ കഴിയുന്നതിലൂടെ ഈങ്ങാപ്പുഴക്കാരുടെ പ്രിയപ്പെട്ട ഇടമായി എന്റെ സ്ഥാപനത്തെ മാറ്റാൻ സാധിച്ചു. റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് മാത്രമായി ഭാവിയിൽ ഒരു ഷോപ്പ് തുടങ്ങണമെന്നതാണ് സ്വപ്നം.

ഏതൊരു വലിയ സ്വപ്നത്തിനും പിന്നിൽ കരുത്തായി നിൽക്കുന്ന ഒരു കുടുംബമുണ്ടാകും. എന്റെ ഈ സംരംഭകത്വ യാത്രയിലെ ഏറ്റവും വലിയ ഊർജ്ജം എന്റെ ഭർത്താവും മക്കളും അവരുടെ പൂർണ്ണ പിന്തുണയില്ലാതെ എനിക്കിതൊന്നും സാധ്യമാകില്ലായിരുന്നു.

ഫോൺ: **8606437703**

തയ്യൽ മെഷീനിൽ തുന്നിച്ചേർത്ത വിജയം

സലേഷ്യൻ സിസ്റ്റേഴ്സിന്റെ കീഴിൽ വിദ്യാർത്ഥിനിയായി തുടങ്ങി, സ്വന്തമായി സംരംഭം പടുത്തുയർത്തി



ഷെറിൻ ജോയ്
കുന്നത്തുപറമ്പിൽ
(കുന്നമംഗലം)

2000-ലാണ് സലേഷ്യൻ സിസ്റ്റേഴ്സിന്റെ അടുത്ത് തയ്യൽ പഠിക്കാൻ ചെല്ലുന്നത്. അവിടെ നിന്നാണ് എന്റെ ജീവിതം മാറിമറിയുന്നത്. പഠനം കഴിഞ്ഞ് അവിടെത്തന്നെ തയ്യൽ ടീച്ചറായി. ഒപ്പം അവരുടെ യൂണിഫോം തയ്ക്കുന്ന ചുമതലയും എനിക്ക് ലഭിച്ചു. 2011 വരെ അവിടെ ജോലി ചെയ്തു.

പിന്നീട് അവിടെ സ്ഥലപരിമിതി വന്നപ്പോൾ, സ്വന്തമായി പുറത്തൊരു സ്ഥാപനം തുടങ്ങാൻ സിസ്റ്റേഴ്സ് തന്നെയാണ് എനിക്ക് കരുത്തുനൽകിയത്. അങ്ങനെ അവരുടെ പൂർണ്ണ പിന്തുണയോടെ യൂണിഫോം തയ്യൽ വീട്ടിലേക്ക് മാറ്റി. പടിപടിയായി വളർന്ന ആ സംരംഭം 2015-ൽ കുന്നമംഗലം പോസ്റ്റ് ഓഫീസിന് എതിർവശത്തായി ഒരു ഷോപ്പായി മാറി. മാതാവിനോടുള്ള ആദരസൂചകമായി 'മസറെല്ലോ' (Maserrello) എന്നാണ് ഷോപ്പിന് പേര് നൽകിയത്. സലേഷ്യൻ സിസ്റ്റേഴ്സ് നടത്തുന്ന സ്കൂളുകളിലെ യൂണിഫോമുകളാണ് പ്രധാനമായും ഞങ്ങൾ തയ്ക്കുന്നത്. ഒറ്റയ്ക്ക് തുടങ്ങിയ ഈ സംരംഭത്തിൽ ഇന്ന് നാലു ജീവനക്കാരുണ്ട്.

ആത്മവിശ്വാസത്തോടെ സ്വന്തം കാലിൽ നിൽക്കാനും, പ്രതിസന്ധി ഘട്ടങ്ങളിൽ കുടുംബത്തിന് താങ്ങാകാനും, മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാനും ഈ തൊഴിൽ എന്നെ സഹായിച്ചു. സ്വന്തമായി അധ്വാനിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു സ്ത്രീക്കും തിരഞ്ഞെടുക്കാൻ കഴിയുന്ന മികച്ചൊരു തൊഴിലാണ് ഇതെന്നാണ് എന്റെ അനുഭവം. കുടുംബത്തിന്റെ പൂർണ്ണ പിന്തുണയാണ് ഏറ്റവും വലിയ സന്തോഷം.

ഭർത്താവ്: ജോയ്. മക്കൾ: അശ്വിൻ കെ. ജോയ്, അഞ്ജലി ജോയ്, അലീന ജോയ്.
ഫോൺ: **9562215126**

കേക്കിൽ തുടങ്ങി, കൂട്ടായ്മയിൽ വളർന്ന മധുരവിജയം

ഞങ്ങൾ മൂന്നുപേരും ഒന്നിച്ചതോടെ ക്രിസ്മസ് സീസണിൽ ധാരാളം കേക്ക് ഓർഡറുകൾ ഏറ്റെടുത്ത് ചെയ്യാൻ തുടങ്ങി

അഞ്ചുവർഷം മുമ്പ് ഷിബിലി എന്നൊരു ചേച്ചിയുടെ അടുത്തുനിന്നാണ് ഞാൻ കേക്ക് ഉണ്ടാക്കാൻ പഠിക്കുന്നത്. തുടക്കകാലത്ത് എന്റെ വീട്ടിലെ ചെറിയൊരു കുക്കറിലായിരുന്നു ബേക്കിങ്. ഒരു സമയം ഒരു കേക്ക് മാത്രമേ അതിൽ ചെയ്യാൻ സാധിച്ചിരുന്നുള്ളൂ. വലിയ ഓർഡറുകൾ വന്നാൽ ചെയ്യാൻ കഴിയാത്ത പ്രതിസന്ധി അന്നുണ്ടായിരുന്നു.

പിന്നീടാണ് അടുത്തുതന്നെയുള്ള എന്റെ സുഹൃത്തുക്കളായ സുനിത പാലമലയിലും മഞ്ജു ചെഞ്ചേരിയിലും ഞാനും ചേർന്ന് ഇതൊരു കൂട്ടായ്മയായി മാറ്റാൻ തീരുമാനിക്കുന്നത്. സുനിത നേരത്തെ തന്നെ കേറ്ററിങ് രംഗത്ത് പ്രവർത്തിച്ചിരുന്നു. ഞങ്ങൾ മൂന്നുപേരും ഒന്നിച്ചതോടെ ക്രിസ്മസ് സീസണിലൊക്കെ ധാരാളം കേക്ക് ഓർഡറുകൾ ഏറ്റെടുത്ത് ചെയ്യാൻ തുടങ്ങി. മൂന്നു വർഷം മുമ്പ് 'ഒലീവിയ കേറ്ററിങ് ആൻഡ് ബേക്കിങ്' എന്ന പേരിൽ ഞങ്ങൾ കേറ്ററിങ് രംഗത്തേക്കും ചുവടുവെച്ചു.

വീട്ടിൽ നമ്മൾ എങ്ങനെയാണോ ഭക്ഷണം ഉണ്ടാക്കുന്നത്, അത്രയും വൃത്തിയിലും ശ്രദ്ധയിലുമാണ് കസ്റ്റമേഴ്സിനും നൽകുന്നത്. പാംഓയിലോ കൃത്രിമ നിറങ്ങളോ പാചകത്തിന് ഉപയോഗിക്കാറില്ല. ശുദ്ധമായ വെളിച്ചെണ്ണയിൽ മാത്രമാണ് ഭക്ഷണമുണ്ടാക്കുന്നത്. വിപണിയിലെ വിലയേക്കാൾ പത്തോ ഇരുപതോ രൂപ കൂടുതൽ തോന്നിയാലും, ഗുണനിലവാരവും രുചിയും കഴിക്കുന്നവർക്ക് നന്നായി അറിയാം. ഇതുവരെ ഞങ്ങളുടെ ഭക്ഷണം കഴിച്ചവരിൽ നിന്നെല്ലാം മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്.



ജിഷ ജിബു മാണിക്കനാംപറമ്പിൽ
സുനിത പാലമല, മഞ്ജു ചെഞ്ചേരി
(കൽക്കുണ്ട്)

ഭാവിയിൽ പ്രിസർവേറ്റീവുകൾ ഇല്ലാത്ത, തികച്ചും സ്വാഭാവികമായ അച്ചാറുകൾ കൂടി വിപണിയിൽ ഇറക്കണം എന്നൊരു ആഗ്രഹമുണ്ട്. പരസ്പരമുള്ള വിശ്വാസവും കഠിനാധ്വാനവും ഉണ്ടെങ്കിൽ ഏത് സാധാരണക്കാർക്കും മികച്ച സംരംഭകരാകാൻ കഴിയും എന്നതാണ് ഞങ്ങളുടെ അനുഭവം.

ഫോൺ: **9846561642**

കുഞ്ഞുടുപ്പുകളിൽ നിന്ന് സ്വന്തം സംരംഭത്തിലേക്ക്



ജോളി ജോയ് കുരീക്കാട്ട്
(കരുവാരകുണ്ട്)

ഇരുപത്തഞ്ച് വർഷമായി വിജയകരമായി സംരംഭം മുന്നോട്ട് കൊണ്ടുപോകുന്ന ജോളി ജോയ്

സ്വന്തം കുട്ടികൾക്ക് വേണ്ടിയായിരുന്നു ഞാൻ ആദ്യം വസ്ത്രങ്ങൾ തയ്ച്ചു തുടങ്ങുന്നത്. ആ ഉടുപ്പുകളുടെ ഭംഗി കാണുമ്പോൾ പലരും വന്ന് തങ്ങൾക്കും അതുപോലെ തയ്ച്ചു തരാമോ എന്ന് ചോദിക്കാൻ തുടങ്ങി. അങ്ങനെയാണ് എന്റെ തയ്യലിലേക്കുള്ള യഥാർത്ഥ പ്രവേശനം. പിന്നീട് കുട്ടികൾ സ്കൂളിൽ പോയിത്തുടങ്ങിയ സമയത്താണ് ചെറിയൊരു കടയിട്ട് ഞാൻ ഈ രംഗത്തേക്ക് പൂർണ്ണമായി ഇറങ്ങുന്നത്. മാതാവിനോട് പ്രാർത്ഥിച്ചാണ് തീരുമാനമെടുത്തത്. ഇപ്പോഴും ഓരോ ഉടുപ്പ് തയ്ക്കുമ്പോഴും മാതാവിനോടു പ്രാർത്ഥിക്കും.

ഞങ്ങളുടെ സ്വന്തം നാട് കാഞ്ഞിരപ്പള്ളിയാണ്. വിവാഹം കഴിഞ്ഞ് രണ്ട് വർഷത്തിന് ശേഷം, ഏകദേശം 37 വർഷം മുൻപാണ് ഞാൻ കരുവാരകുണ്ടിലേക്ക് വരുന്നത്. ഇന്ന് കരുവാരകുണ്ട് കിഴക്കേത്തലയിൽ 'സെന്റ് മേരീസ് ലേഡീസ് ടൈലറിങ്' എന്ന പേരിൽ എന്റെ സ്വന്തം കട തുടങ്ങിയിട്ട് 25 വർഷം പിന്നിടുന്നു. തുടക്കത്തിൽ ആളുകൾക്കിടയിൽ ഒന്ന് അറിയപ്പെട്ട് വരാൻ കുറച്ച് സമയം എടുത്തിരുന്നു. ഇപ്പോൾ എനിക്ക് സഹായത്തിനായി മറ്റ് രണ്ട് പേർ കൂടി കടയിലുണ്ട്. കുടുംബത്തിന് വലിയൊരു താങ്ങായി മാറാൻ ഈ തൊഴിലിലൂടെ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകളുടെ എല്ലാവിധ വസ്ത്രങ്ങളും ഞങ്ങൾ ഇവിടെ തയ്ച്ചു നൽകുന്നുണ്ട്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കടന്നുവരവ് ബിസിനസിനെ ഇടക്കാലത്ത് ഒരല്പം ബാധിച്ചിരുന്നു. വിലക്കുറവിൽ കിട്ടുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ ആളുകൾ ഒരു തവണ ഉപയോഗിച്ച് മാറ്റുമെങ്കിലും, നല്ല രീതിയിൽ തയ്ച്ചെടുക്കുന്ന വസ്ത്രങ്ങൾക്ക് ഇപ്പോഴും ആവശ്യക്കാരുണ്ട്. വരും കാലങ്ങളിലും പുതിയ ഫാഷനുകളെയും മാറ്റങ്ങളെയും ഉൾക്കൊണ്ട് ലേഡീസ് ടൈലറിങ് രംഗത്ത് തന്നെ സജീവമായി മുന്നോട്ട് പോകണം എന്നാണ് ആഗ്രഹം.

ഭർത്താവ്: കുരീക്കാട്ട് ജോയി (അഗസ്റ്റിൻ). മക്കൾ: ഫാ. ഫിലിപ്പ് എംസിബിഎസ്, അഞ്ജു, അൽഫോൻസ.
ഫോൺ: **9656629542**

തയ്യലിൽ വിസ്മയമൊരുക്കി ഇരുപതാണ്ട്



ജിൻസി തോമസ്
തെങ്ങുംപള്ളിൽ
(ദേവഗിരി)

പരസ്യങ്ങളില്ല, ഉപഭോക്താക്കൾ പറഞ്ഞറിഞ്ഞ് മാത്രം വളർന്നൊരു സംരംഭം

കുട്ടിക്കാലം മുതൽക്കേ തുന്നൽ ഇഷ്ടമായിരുന്നു. ആ താല്പര്യം എന്നെ ഈ മേഖലയിലേക്ക് കൊണ്ടുവന്നു. തുന്നൽ രംഗത്തേക്ക് വന്നിട്ട് ഏകദേശം ഇരുപത് വർഷത്തോളമായി. തുടക്കത്തിൽ വീടുകളിൽ ഇരുന്നാണ് തുന്നിക്കൊണ്ടിരുന്നത്.

ചക്കിട്ടപ്പാറയിൽ രണ്ട് വർഷം വീടിനോട് ചേർന്ന് ഒരു തയ്യൽ യൂണിറ്റ് നടത്തി. പിന്നീട് കോഴിക്കോട്ടേക്ക് താമസം മാറി. ഞങ്ങൾ താമസിക്കുന്ന ദേവഗിരി കോളേജിനടുത്തുള്ള അമ്പലക്കോത്ത് എന്ന സ്ഥലത്ത് വീണ്ടും തുന്നൽ കേന്ദ്രം ആരംഭിച്ചു. വീടിന്റെ ഒരു ഭാഗം ഇതിനായി ഉപയോഗിക്കുകയാണ്. തുടക്കത്തിൽ ഒരു ചെറിയ തയ്യൽ യൂണിറ്റായി ആരംഭിച്ച ഇവിടെ, ഇപ്പോൾ രണ്ടു സ്റ്റാഫുകളായി.

വീടിന്റെ ഒരു ഭാഗത്തായതുകൊണ്ട് തന്നെ പലർക്കും ഈ തയ്യൽ യൂണിറ്റിനെ കുറിച്ച് അറിവില്ല. അതുകൊണ്ട് തുടക്കത്തിൽ ഞാൻ ഒരു ബോർഡ് വെച്ചിരുന്നു. ഇപ്പോൾ വരുന്നവർ ഭൂരിഭാഗവും മറ്റുള്ളവർ പറഞ്ഞറിഞ്ഞാണ് എത്തുന്നത്. ഇപ്പോൾ സോഷ്യൽ മീഡിയ വഴിയും തയ്യൽ യൂണിറ്റിനെ കുറിച്ച് ആളുകളിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ഇൻസ്റ്റാഗ്രാം പേജിലൂടെ യൂണിറ്റിന്റെ പ്രവർത്തനങ്ങളും മറ്റും ആളുകളെ അറിയിക്കുന്നു. കൂടുതലും കസ്റ്റമറുടെ താല്പര്യത്തിനനുസരിച്ചുള്ള തയ്യൽ ജോലികളാണ് ഇവിടെ ചെയ്യുന്നത്. വിവാഹ വസ്ത്രങ്ങൾ, സാധാരണ വസ്ത്രങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. എല്ലാവർക്കും വന്ന് പോകാൻ എളുപ്പമുള്ള രീതിയിൽ തയ്യൽ യൂണിറ്റ് മാറ്റി സ്ഥാപിക്കണമെന്നും എന്റെ സംരംഭത്തെ കൂടുതൽ വിപുലീകരിക്കണമെന്നുമുള്ള ആഗ്രഹമാണ് എനിക്കിപ്പോഴുള്ളത്.

ഭർത്താവ് ജോസ്, രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന മകൾ അന്നാ ജോസ് എന്നിവരാണ് എന്റെ കുടുംബം. അവരുടെ പിന്തുണയാണ് എന്നെ മുന്നോട്ട് നയിക്കുന്നത്.

ഫോൺ: **7025671388**

രുചിപ്പെരുമയുമായി 'കൺട്രി കുക്ക്'



ബീന അജു
പുന്നക്കുന്നേൽ
(തിരുവമ്പാടി)

നാളികേരം കൊണ്ടുള്ള അച്ചാറിൽ തുടങ്ങി ഇന്ന് മുപ്പതോളം ഉൽപന്നങ്ങളുമായി വിദേശ വിപണിയിൽ വരെ സാന്നിധ്യമറിയിക്കുന്ന ബീന അജു

2010-ലെ നാളികേര വിലയിടിവ് വലിയൊരു പ്രതിസന്ധിയായിരുന്നു. അത് എങ്ങനെ മറികടക്കാം എന്ന ചിന്തയിൽ നിന്നാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകളിലേക്ക് കടക്കുന്നത്. നാളികേരം ഉപയോഗിച്ചുള്ള അച്ചാറിലൂടെയായിരുന്നു തുടക്കം. യാതൊരു മുൻപരിചയവുമില്ലാതിരുന്നതിനാൽ തുടക്കത്തിൽ ചില പ്രതിസന്ധികൾ നേരിട്ടെങ്കിലും, വിവിധ പരിശീലന ക്ലാസുകളിൽ പങ്കെടുത്തത് വലിയ വഴിത്തിരിവായി.

ഇന്ന് 'കൺട്രി കുക്ക്' എന്ന ബ്രാൻഡിൽ മുപ്പതോളം ഭക്ഷ്യോൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. ചമ്മന്തിപ്പൊടി, അവലോസുണ്ട, അവലോസ് പൊടി, കുഴലപ്പം, പുളിയിഞ്ചി, കുടംപുളി പാക്കറ്റുകൾ, വെർജിൻ കോക്കനട്ട് ഓയിൽ എന്നിവയ്ക്ക് പുറമെ സാമ്പാർ, ഫിഷ്, ചിക്കൻ, പോർക്ക്, ബീഫ് തുടങ്ങിയവയ്ക്കുള്ള മസാലപ്പൊടികളും ഞങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. പുന്നയ്ക്കലിലുള്ള യൂണിറ്റിൽ പൂർണ്ണമായും യന്ത്രസഹായത്തോടെയാണ് ഈ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. കോഴിക്കോട്, തിരുവമ്പാടി ഭാഗങ്ങളിലെ സൂപ്പർമാർക്കറ്റുകളിലാണ് ഇവ പ്രധാനമായും വിൽക്കുന്നത്.

2015-ൽ 'താലോലം പ്രൊഡക്ട്സ്' എന്ന പേരിൽ മരം കൊണ്ട് നിർമ്മിച്ച കളിപ്പാട്ടങ്ങളുടെ ഒരു സംരംഭവും ആരംഭിച്ചിരുന്നു. ആദ്യം ഇവിടുന്നു തന്നെ കളിപ്പാട്ടങ്ങൾ നിർമ്മിക്കുകയായിരുന്നു. എന്നാൽ കോവിഡ് കാലത്തിനു ശേഷം ബാംഗ്ലൂരിൽ നിന്നും നിർമ്മിച്ച് കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുകയാണ് ചെയ്യുന്നത്.

കുടുംബത്തിന്റെ പൂർണ്ണ പിന്തുണയാണ് ഈ വിജയങ്ങൾക്ക് പിന്നിൽ. ഭർത്താവ് അജു ഇമ്മാനുവൽ ബിസിനസ്സിന്റെ മാർക്കറ്റിങ് കാര്യങ്ങൾ നോക്കുന്നു. മക്കൾ: എയ്ഞ്ചൽ മരിയ അജു, ജെറോം എമ്മാനുവൽ അജു, ജോഫ്രേ ജോസഫ് അജു.
ഫോൺ: **9539769657**



ഡോ. ഹിമ കൂനംതടത്തിൽ ചക്കിട്ടപാറ



ബാങ്ക്വായ്പ, സബ്സിഡി, പലിശയിളവ്, സംരംഭക പരിശീലനം, സ്റ്റാർട്ടപ്പ് പിന്തുണ, വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിലൂടെ സ്ത്രീകൾക്ക് സ്വന്തം സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള ബിസിനസ് വികസിപ്പിക്കാനും അവസരങ്ങളുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളെക്കുറിച്ച് ചുവടെ ചേർക്കുന്നു.

● PMEGP

പുതിയ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് സഹായകരമാകുന്ന പ്രധാന കേന്ദ്ര സർക്കാർ പദ്ധതിയാണ് Prime Minister's Employment Generation Programme (PMEGP). ഭക്ഷ്യോൽപ്പന്ന നിർമാണം, തയ്യൽ യൂണിറ്റ്, ചെറുകിട ഉൽപ്പാദനം, യോഗ്യമായ സേവന സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഈ പദ്ധതി സഹായകരമാകും. 18 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. വനിതാ ഗുണഭോക്താക്കൾക്ക് ഗ്രാമപ്രദേശങ്ങളിൽ 35 ശതമാനവും നഗരപ്രദേശങ്ങളിൽ 25 ശതമാനവും മാർജിൻ മണി സബ്സിഡി ലഭിക്കാവുന്ന വ്യവസ്ഥകളുണ്ട്. സ്വന്തം വിഹിതം സാധാരണയായി പദ്ധതിച്ചെലവിന്റെ അഞ്ച് ശതമാനമാണ്. സബ്സിഡി നേരിട്ട് കയ്യിൽ ലഭിക്കുന്ന പണമല്ല. ബാങ്ക് വായ്പയുമായി ബന്ധിപ്പിച്ചുള്ള സംവിധാനത്തിലൂടെയാണ് സഹായം ക്രമീകരിക്കുന്നത്.

● മുദ്ര വായ്പ

വലിയ മൂലധനമില്ലാതെ ബിസിനസ് ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് പ്രധാനമന്ത്രി മുദ്ര യോജന പരിഗണിക്കാം. തയ്യൽ, ബ്യൂട്ടി പാർലർ, ബൂട്ടിക്, കാറ്ററിങ്, ഭക്ഷ്യോൽപ്പന്ന നിർമാണം, വ്യാപാരം, വിവിധ സേവനമേഖലകൾ തുടങ്ങിയവയിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭകർക്ക് ഈ വായ്പാ സംവിധാനം പ്രയോജനപ്പെടും. ശിശു, കിഷോർ, തരുൺ വിഭാഗങ്ങളിലൂടെ സംരംഭത്തിന്റെ ഘട്ടത്തിനനുസരിച്ച് വായ്പ ലഭിക്കും. യോഗ്യമായ മുൻകാല തരുൺ വായ്പകൾ വിജയകരമായി തിരിച്ചടച്ച സംരംഭകർക്ക് തരുൺ പ്ലസ് വിഭാഗത്തിലൂടെ 20 ലക്ഷം വരെ വായ്പ ലഭിക്കാവുന്ന വ്യവസ്ഥയുമുണ്ട്.

● Stand Up India

പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ സംരംഭകർക്കും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതി. 18 വയസ് പൂർത്തിയായ വനിതകൾക്ക് പുതിയ ഗ്രീൻഫീൽഡ് സംരംഭങ്ങൾക്കായി അപേക്ഷിക്കാം. ഉൽപ്പാദനം, സേവനം, വ്യാപാരം തുടങ്ങിയ യോഗ്യമായ മേഖലകൾ പരിഗണിക്കും. സ്ഥാപനത്തിന്റെ രൂപമനുസരിച്ച് വനിതാ സംരംഭകയ്ക്ക് ആവശ്യമായ ഉടമസ്ഥാവകാശവും നിയന്ത്രണവും ഉണ്ടായിരിക്കണം. പദ്ധതിയുടെ വായ്പാ പരിധി 10 ലക്ഷം മുതൽ ഒരു കോടി വരെയാണ്.

● CGTMSE

വായ്പയ്ക്ക് ഈടുനൽകാൻ ആസ്തികളില്ലാത്തത് ചിലർക്ക് വലിയ വെല്ലുവിളിയാണ്. ഇത്തരം സാഹചര്യങ്ങളിൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സംവിധാനമായ CGTMSE(Credit Guarantee Fund Trust for Micro and Small Enterprises) പ്രസക്തമാണ്. യോഗ്യമായ സംരംഭങ്ങൾക്ക് ബാങ്കുകൾ നൽകുന്ന വായ്പയിൽ നിബന്ധനകൾക്കനുസരിച്ച് ഗ്യാരണ്ടി പരിരക്ഷ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇത് നേരിട്ടുള്ള സബ്സിഡിയല്ല. പകരം, യോഗ്യമായ വായ്പകൾ അനുവദിക്കുന്നതിലെ ബാങ്കിന്റെ റിസ്ക് കുറയ്ക്കാൻ സഹായിക്കുന്നു.

● Startup India

സാങ്കേതികവിദ്യയുടെയും ഇന്നവേഷന്റെയും സഹായത്തോടെ സ്വന്തം ബിസിനസ് കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് Startup India പ്രധാനപ്പെട്ട അവസരങ്ങൾ നൽകുന്നു. ആരോഗ്യസാങ്കേതികവിദ്യ, കാർഷിക സാങ്കേതികവിദ്യ, വിദ്യാഭ്യാസ സാങ്കേതിക വിദ്യ, സോഫ്റ്റ്വെയർ, ഡിജിറ്റൽ സേവനങ്ങൾ, പുതിയ ഉൽപ്പന്നങ്ങളുടെ വികസനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാം. യോഗ്യമായ സ്റ്റാർട്ടപ്പ് അംഗീകാരം, ഇൻക്യുബേഷൻ, മെന്ററിങ്, നിക്ഷേപകരുമായുള്ള ബന്ധം, ബൗദ്ധിക സ്വത്തവകാശ പിന്തുണ തുടങ്ങിയ നിരവധി സേവനങ്ങൾ ഈ പദ്ധതി പ്രകാരം ലഭ്യമാണ്.

● ESS

കേരളത്തിൽ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme: ESS) ശ്രദ്ധിക്കാവുന്നതാണ്. യോഗ്യമായ ഉൽപ്പാദന സംരംഭങ്ങളുടെ സ്ഥിരമൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സഹായം കണക്കാക്കുന്നത്. വനിതാ സംരംഭകർക്ക് 25 ശതമാനം വരെ സഹായവും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി 40 ലക്ഷം വരെയും ലഭിക്കുന്നു. ഭക്ഷ്യോൽപ്പന്ന നിർമാണം, വസ്ത്രനിർമാണം, ചെറുകിട ഉൽപ്പാദനം തുടങ്ങിയ മേഖലകളിൽ ഇത് പ്രയോജനപ്പെടുത്താം.

● OFOE

One Family One Enterprise എന്ന കേരള സർക്കാർ പദ്ധതിയുടെ ലക്ഷ്യം പുതിയ MSME സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്. പുതിയ സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശയിൽ സഹായം ലഭിക്കാവുന്ന വ്യവസ്ഥകളുണ്ട്. നിശ്ചിത പരിധിക്കുള്ളിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് പലിശ സഹായം ലഭിക്കാം. സാധുവായ Udyam രജിസ്ട്രേഷൻ, സംരംഭത്തിന്റെ പ്രവർത്തനാരംഭ തീയതി, വായ്പയുടെ നില തുടങ്ങിയവനുസരിച്ച് ഈ പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാണ്. വായ്പയുടെ പലിശച്ചെലവ് കുറയ്ക്കാൻ ഇതുവഴി കഴിയുന്നതിനാൽ സംരംഭത്തിന്റെ സാമ്പത്തിക ഭാരം കുറയ്ക്കാൻ സഹായിക്കും.

● PMFME

Pradhan Mantri Formalisation of Micro Food Processing Enterprises (PMFME) ഈ മേഖലയിലെ യോഗ്യമായ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതിയാണ്. ഗുണഭോക്താവ് കുറഞ്ഞത് 10 ശതമാനം സ്വന്തം വിഹിതമായി നിക്ഷേപിക്കണം. ശേഷിക്കുന്ന തുക ബാങ്ക് വായ്പയിലൂടെ ഈ പദ്ധതി വഴി കണ്ടെത്താം. യൂണിറ്റിന്റെ സ്വഭാവം, കുടുംബത്തിലെ അപേക്ഷകരുടെ എണ്ണം, ഉൽപ്പന്ന വിഭാഗം, മറ്റ് വ്യവസ്ഥകൾ എന്നിവ പരിശോധിച്ചാണ് ഈ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

● കുടുംബശ്രീ

വനിതകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിൽ കുടുംബശ്രീ നിർണായക പങ്കുവഹിക്കുന്നു. അയൽക്കൂട്ടങ്ങളിലൂടെയും കൂട്ടായ്മകളിലൂടെയും സ്ത്രീകൾക്ക് വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാനുള്ള അവസരങ്ങളുണ്ട്. ഭക്ഷ്യോൽപ്പന്ന നിർമാണം, കാറ്ററിങ്, തയ്യൽ, കൃഷി, മൂല്യവർധന, കൈത്തൊഴിൽ, സേവനമേഖല, പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ പരിഗണിക്കാം. കൂട്ടായ്മയുടെ പിന്തുണയോടെ ഉൽപ്പന്നം നിർമിക്കുന്നതിൽനിന്ന് വിപണനം, അക്കൗണ്ടിങ്, ഉപഭോക്തൃബന്ധം എന്നിവയിലേക്ക് സ്ത്രീകൾക്ക് മുന്നേറാൻ സാധിക്കും. അംഗത്വം, ഗ്രൂപ്പിന്റെ ഘടന, പദ്ധതി വ്യവസ്ഥകൾ, ബാങ്ക് ലിങ്കേജ് തുടങ്ങിയവ അനുസരിച്ചാണ് സഹായം ലഭിക്കുന്നത്.

● കേരള സ്റ്റാർട്ടപ്പ് മിഷൻ

പുതിയ സാങ്കേതികവിദ്യയും നൂതന ബിസിനസ് മാതൃകകളും ഉപയോഗിച്ച് വളരാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി അവസരങ്ങൾ കണ്ടെത്താം. ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ, ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയ മേഖലകളിലെ നൂതന സംരംഭങ്ങൾക്ക് ഇൻക്യുബേഷൻ, മെന്ററിങ്, നിക്ഷേപക ബന്ധം, പദ്ധതികൾക്കനുസരിച്ചുള്ള ഗ്രാന്റുകൾ തുടങ്ങിയ പിന്തുണ ലഭിക്കും. KSUM Unique ID, അനുയോജ്യമായ നിയമപരമായ സ്ഥാപനം, ബിസിനസ് പ്ലാൻ തുടങ്ങിയവ ഈ പദ്ധതി ലഭ്യമാകുന്നതിന് ആവശ്യമാണ്. പരമ്പരാഗത സേവനമല്ലാതെ പുതുമയും വളർച്ചാസാധ്യതയും തെളിയിക്കുന്ന ആശയങ്ങൾക്കാണ് ഈ സഹായ പദ്ധതി പ്രസക്തമാകുന്നത്.

● സംരംഭകത്വ വായ്പാ പദ്ധതി

സ്വയംതൊഴിൽ ആരംഭിക്കാനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കാനും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികളാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പാക്കുന്നത്. ക്രിസ്ത്യൻ, മുസ്ലിം, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽപ്പെട്ട അർഹരായ അപേക്ഷകർക്ക് നിബന്ധനകൾക്ക് വിധേയമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും വായ്പാ സഹായം ലഭിക്കും. വ്യാപാരം, സേവനമേഖല, ചെറുകിട വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ഈ സഹായം പ്രയോജനപ്പെടുത്താം.

● Agriculture Infrastructure Fund (AIF)

വിളവെടുപ്പിന് ശേഷമുള്ള സംഭരണം, കോൾഡ് സ്റ്റോറേജ്, വെയർഹൗസ്, പാക്ക് ഹൗസ്, പ്രോസസ്സിംഗ് യൂണിറ്റുകൾ, വിതരണ ശൃംഖല തുടങ്ങിയ കാർഷിക അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താം. കർഷകർ, കർഷക ഉൽപ്പാദക സംഘടനകൾ, സഹകരണ സംഘങ്ങൾ, അഗ്രി എന്റർപ്രണർമാർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ അർഹരായ വിഭാഗങ്ങൾക്ക് പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷിക്കാം.

● KFC, KSIDC, KINFRA

ചെറിയ സംരംഭങ്ങളിൽ മാത്രം ഒതുങ്ങേണ്ടതില്ല. നിക്ഷേപം കൂടുതലുള്ള പദ്ധതികൾക്കും വളർച്ചാസാധ്യതയുള്ള വ്യവസായങ്ങൾക്കും വനിതകൾക്ക് വിവിധ സർക്കാർ സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായസാധ്യതകൾ നേടിയെടുക്കാം.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC): സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ഉൽപ്പാദന യൂണിറ്റുകൾ, സേവന സംരംഭങ്ങൾ, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് വായ്പാ സാധ്യതകൾ നൽകുന്നു. അഞ്ചു കോടി രൂപ വരെ KFCയുടെ മുഖ്യമന്ത്രി സംരംഭകത്വ വികസന പദ്ധതി വഴി ഈടില്ലാതെ വായ്പ ലഭ്യമാണ്

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC): വലിയ നിക്ഷേപം ആവശ്യമായതും സാമ്പത്തികമായി പ്രവർത്തനക്ഷമവുമായ വ്യവസായ പദ്ധതികൾക്ക് സഹായം നൽകുന്നു. വ്യവസായ ഭൂമിയും അനുയോജ്യമായ അടിസ്ഥാനസൗകര്യങ്ങളും ആവശ്യമായ സംരംഭകർക്ക് KINFRAയുടെ വ്യവസായ പാർക്കുകളും സൗകര്യങ്ങളും ലഭ്യമാണ്.
ഇത്തരം സ്ഥാപനങ്ങൾ വായ്പയോ സൗകര്യങ്ങളോ അനുവദിക്കുന്നതിന് മുമ്പ് പദ്ധതിയുടെ വലുപ്പം, സ്വന്തം നിക്ഷേപം, വിപണി, സാങ്കേതിക സാധ്യത, തിരിച്ചടവിനുള്ള ശേഷി, ആവശ്യമായ അനുമതികൾ എന്നിവ വിലയിരുത്തും.

(കേന്ദ്ര കൃഷി വകുപ്പിന് കീഴിലുള്ള കാസർഗോഡ് ഐ സി എ ആർ- സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രജ്ഞയാണ് ലേഖിക)



പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ 101 ദിവസം നീണ്ട അഖണ്ഡ ജപമാല സമർപ്പണ സമാപിച്ചു. സമാപന വിശുദ്ധ കുർബാനയ്ക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. കുടുംബവിശുദ്ധീകരണത്തിനും ലോകസമാധാനത്തിനും യുവജനങ്ങളുടെ വിശുദ്ധ ജീവിതത്തിനുമായി പ്രാർഥിക്കണമെന്ന് ബിഷപ് സന്ദേശം നൽകി. നാലായിരത്തോളം പേർ സമാപന ശുശ്രൂഷകളിൽ പങ്കെടുത്തു.

ഫാ. ജിൽസൺ തയ്യിലിന് ദേശീയ പുരസ്കാരം



താമരശ്ശേരി ● ഓൾ ഇന്ത്യ പ്രിൻസിപ്പൽസ് അസോസിയേഷൻ ഏർപ്പെടുത്തിയ 'സ്കൂൾ ലീഡർ ഓഫ് ദി ഇയർ 2026 നാഷണൽ അവാർഡ്' താമരശ്ശേരി അൽഫോൻസാ സ്കൂൾ പ്രിൻസിപ്പൽ ഫാ. ജിൽസൺ തയ്യിലിന്. ന്യൂഡൽഹിയിലെ ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ മുൻ കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി സഞ്ജീവ് കുമാർ പുരസ്കാരം നൽകി. ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുടെ സാന്നിധ്യത്തിലായിരുന്നു പുരസ്കാരദാനം.

മാതൃവേദി ആന്തം മത്സരം: താമരശ്ശേരി രൂപതയ്ക്ക് ഒന്നാം സ്ഥാനം

കോഴിക്കോട് ● സീറോ മലബാർ ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച ഓൺലൈൻ ആന്തം മത്സരത്തിൽ താമരശ്ശേരി രൂപത മാതൃവേദി ഒന്നാം സ്ഥാനം നേടി. ഹൊസൂർ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. മാതൃവേദി ഡയറക്ടർ ഫാ. ജിനോയ് പനയ്ക്കൽ, ആനിമേറ്റർ സിസ്റ്റർ വിമല എസ്എച്ച്, രൂപതാ ഭാരവാഹികൾ എന്നിവർ ചേർന്നാണ് പുരസ്കാരം സ്വീകരിച്ചത്.

ജീവസന്ദേശയാത്ര ആരംഭിച്ചു

താമരശ്ശേരി ● ജീവന്റെസംരക്ഷണത്തിനും സമൃദ്ധിയ്ക്കും വേണ്ടി നിലകൊള്ളുന്ന സംഘടനയായ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരി രൂപതയിലെ ഓരോ ഇടവകയിലേക്കും സംഘടിപ്പിക്കുന്ന ജീവസന്ദേശയാത്ര ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഫ്ളാഗ് ഓഫ് ചെയ്തു. വലിയ കുടുംബങ്ങൾ സമൂഹത്തിന് വലിയ ത്യാഗത്തിന്റെയും നന്മയുടെയും സന്ദേശമാണ് നൽകുന്നതെന്നും അവർ ജീവന്റെ പ്രവാചകനാണെന്നും ബിഷപ് പറഞ്ഞു. താമരശ്ശേരി രൂപത പ്രോ-ലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ കെസിബിസി പ്രോലൈഫ് സമിതി സംസ്ഥാന സെക്രട്ടറി ടോമി പ്ലാത്തോട്ടത്തിൽ, രൂപത ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ് എച്ച്, എക്സിക്യൂട്ടീവ് അംഗങ്ങളായ സുബിൻ വെള്ളപ്ലാക്കൽ, തോമസ് പുത്തൻപുരയിൽ, തങ്കച്ചൻ പുരയിടത്തിൽ, ലൂയിസ് ചുരനോലിക്കൽ ജയ്സൺ കന്നുകുഴി എന്നിവർ നേതൃത്വം നൽകി.

ദിവ്യബലി മുടക്കാത്ത കുട്ടികൾക്ക് സൈക്കിളുകൾ സമ്മാനം

മരുതോങ്കര ● സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ 2025 ജൂൺ ഒന്നു മുതൽ 2026 മെയ് 31 വരെ 365 ദിവസവും മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത 13 കുട്ടികളെ ആദരിച്ചു. കുട്ടികൾക്കുള്ള ഇടവകയുടെ സ്നേഹോപഹാരമായി സൈക്കിളുകളും ബാഡ്മിന്റൻ റാക്കറ്റുകളും സമ്മാനമായി നൽകി.

വിശുദ്ധ കുർബാനയോടുള്ള കുട്ടികളുടെ വിശ്വാസജീവിതവും തുടർച്ചയായ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ പ്രത്യേക ആദരവും സമ്മാനവിതരണവും സംഘടിപ്പിച്ചതെന്ന് മരുതോങ്കര ഫൊറോന വികാരി ഫാ. ആന്റോ ജോൺ മൂലയിൽ അറിയിച്ചു.



വൈദിക ബാഡ്മിന്റൺ ടൂർണമെന്റിൽ വിജയികളായവർ സംഘാടകരോടൊപ്പം

വൈദിക ബാഡ്മിന്റൺ ടൂർണമെന്റ്: ഫാ. മാത്യു – ഫാ. നിധിൻ സഖ്യത്തിന് കിരീടം

തോട്ടുമുക്കം ● രൂപതയിലെ രൂപതാ-സന്യാസ വൈദികർക്കായി തോട്ടുമുക്കത്ത് സംഘടിപ്പിച്ച വൈദിക ബാഡ്മിന്റൺ ടൂർണമെന്റിൽ ഫാ. മാത്യു-ഫാ. നിധിൻ എംസിബിഎസ് സഖ്യം ജേതാക്കളായി. സെന്റ് തോമസ് ഫൊറോനാ പള്ളി, സ്മാഷ് ബാഡ്മിന്റൺ കൂട്ടായ്മ, കെസിവൈഎം എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു മത്സരം.

തോട്ടുമുക്കം സ്മാഷ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ടൂർണമെന്റിൽ 14 ടീമുകളിലായി 28 വൈദികർ മാറ്റുരച്ചു. എംസിബിഎസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. മാത്യു തെക്കേമുറിയിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. തോട്ടുമുക്കം സെന്റ് തോമസ് ഫൊറോനാ വികാരി ഫാ. ബെന്നി കാരക്കാട്ട്, അസിസ്റ്റന്റ് വികാരി ഫാ. സൂരജ് എസ്ജെ, സ്മാഷ് പ്രതിനിധി ഡിന്റോ, ഇടവക കൈക്കാരൻ ടോമി, കെസിവൈഎം പ്രസിഡന്റ് മനു, ഡീക്കൻ മെൽബിൻ എന്നിവർ പ്രസംഗിച്ചു.

5000 രൂപയും ട്രോഫിയും അടങ്ങുന്നതായിരുന്നു ഒന്നാം സമ്മാനം. മുക്കം ടയേഴ്സാണ് ഒന്നാം സമ്മാനം സ്പോൺസർ ചെയ്തത്. ദീപിക റസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരക്കലും കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശേരിലും ചേർന്ന് വിതരണം ചെയ്തു.

പേരപ്പൻ പുല്ലന്താനി സ്പോൺസർ ചെയ്ത 3000 രൂപയും ട്രോഫിയും ഉൾപ്പെടുന്ന രണ്ടാം സമ്മാനം ഫാ. ജിത്ത് ഫാ. മനോജ് സഖ്യം കരസ്ഥമാക്കി. പി.എം.ഒ.സി. ഡയറക്ടർ ഫാ. റോയ് തേക്കുംകാട്ടിൽ സമ്മാനത്തുകയും ട്രോഫിയും കൈമാറി. ഫാ. ടിബിൻഫാ. സെബാസ്റ്റ്യൻ കപ്പൂച്ചിൻ സഖ്യത്തിനാണ് മൂന്നാം സ്ഥാനം. 2000 രൂപയും ട്രോഫിയും മീഡിയ ഡയറക്ടർ ഫാ. ലിൻസ് മുണ്ടയ്ക്കൽ സമ്മാനിച്ചു. ഫാ. ഷെനിഷ്ഫാ. ജോയൽ സഖ്യം നാലാം സ്ഥാനം നേടി. 1000 രൂപയുടെ സമ്മാനത്തുക സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ കൈമാറി.

മാർഗ്ഗംകളി മത്സരം: മുക്കം ഒന്നാമത്

കോടഞ്ചേരി ● സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപതാ സമിതി സംഘടിപ്പിച്ച മാർഗ്ഗംകളി മത്സരത്തിൽ മുക്കം സേക്രട്ട് ഹാർട്ട് ചർച്ച് ഒന്നാം സ്ഥാനം നേടി. ദേവഗിരി സെന്റ് ജോസഫ്സ് ചർച്ച്, മരിയാപുരം ഫാത്തിമ മാതാ ചർച്ച് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അന്നക്കുട്ടി ദേവസ്യ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് കെ. സി. എൽസമ്മ ചേർത്തലയ്ക്കൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജിനോയ് പനയ്ക്കൽ, ഫാ. ജെറാൾഡ് പല്ലാട്ട്, സിസ്റ്റർ വിമല ജോസ് എസ്എച്ച്, സ്വപ്ന ഗിരീഷ്, ഷേളി ഷാജി, സീന തോമസ് എന്നിവർ പ്രസംഗിച്ചു.

മലബാർ വിഷൻ ഓൺലൈൻ കമ്യൂണിറ്റിയിൽ അംഗമാകാൻ QR കോഡ് സ്കാൻ ചെയ്യൂ

മലബാർ വിഷൻ മാട്രിമോണിയൽ

വധുവിനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപതാംഗമായ യുവാവ്, 27 വയസ്സ്, 165 cm ഉയരം, പോളിമർ കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം (CIPET MADRAS) യു.കെ ന്യൂകാസ്റ്റിൽ യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ (ഫസ്റ്റ് റാങ്ക്) ബിരുദാനന്തര ബിരുദം. യുകെയിൽ സയിന്റിസ്റ്റ് ആയി ജോലി ചെയ്യുന്നു.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 7306359154, 9495669724, 9048984524

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ജിജോ അമേരിക്ക

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ജിതിൻ ബാംഗ്ലൂർ

ഉപകാരസ്മരണ



പരിശുദ്ധ അമ്മയുടെയും വി. യൂദാശ്ലീഹായുടെയും മാധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
റോസ്ലി കൂട്ടിയാനിക്കൽ - തോട്ടുമുക്കം

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഡെൻസി

ഫൊറോന മീഡിയ കമ്മീഷന് തുടക്കമായി

താമരശ്ശേരി രൂപതയുടെ പാരിഷ് മീഡിയ നെറ്റ്‌വർക്ക് സംവിധാനം കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി കരുവാരകുണ്ട്, മരുതോങ്കര ഫൊറോനകളിൽ മീഡിയ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു.

കരുവാരകുണ്ട് ഫൊറോന മീഡിയ ടീം മീറ്റിങ് ഫൊറോന വികാരി ഫാ. ഫ്രാൻസിസ് വെള്ളംമാക്കൽ ഉദ്ഘാടനം ചെയ്തു. മരുതോങ്കര ഫൊറോന മീഡിയ ടീം മീറ്റിങ് ഫൊറോന വികാരി ഫാ. ആന്റോ ജോൺ മൂലയിൽ ഉദ്ഘാടനം ചെയ്തു. ആധുനിക കാലഘട്ടത്തിന് അനുസ്യൂതമായി രൂപതയിലെ എല്ലാ ഇടവകകളിലും മികച്ച മീഡിയ പ്രവർത്തനങ്ങൾ സജ്ജമാക്കുകയാണ് രൂപത മീഡിയാ കമ്മീഷന്റെ ലക്ഷ്യം. ഡയറക്ടർ ഫാ. ലിൻസ് മുണ്ടയ്ക്കൽ നേതൃത്വം നൽകി.

ഇടവകകളിൽ പാരിഷ് മീഡിയ നെറ്റ്‌വർക്ക് സംവിധാനം അതിവേഗം നടപ്പിലാക്കുന്നതിന് ഫൊറോന വികാരിമാർ വലിയ പ്രോത്സാഹനവും പിന്തുണയുമാണ് നൽകുന്നതെന്ന് ഫാ. ലിൻസ് മുണ്ടയ്ക്കൽ പറഞ്ഞു.

ലോഗോസ് ക്വിസ്: പങ്കാളിത്തത്തിൽ മൂന്നാം സ്ഥാനത്ത് താമരശ്ശേരി രൂപത

താമരശ്ശേരി ● കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച ലോഗോസ് ക്വിസ് 2026-ന്റെ രൂപതാതല വിജയികളെ പ്രഖ്യാപിച്ചു. ഏയ്ഞ്ചൽ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ (വിലങ്ങാട്) നൂറിൽ നൂറു മാർക്ക് നേടി രൂപതയിൽ ഒന്നാമതായി. താമരശ്ശേരി രൂപതയിലെ 123 കേന്ദ്രങ്ങളിൽനിന്നായി 14,326 പേർ ആദ്യഘട്ട മത്സരത്തിൽ പങ്കെടുത്തു. ജനസംഖ്യാനുപാതത്തിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷയെഴുതിയ രൂപതകളിൽ താമരശ്ശേരി മൂന്നാം സ്ഥാനം നേടി.

ഓരോ വിഭാഗത്തിലെയും ആദ്യ മൂന്ന് റാങ്കുകാർ ● **കാറ്റഗറി എ:** ഒന്നാം സ്ഥാനം ജെയ്സ് ജോസഫ് സോജൻ കൂട്ടുങ്കൽ (കൂരാച്ചുണ്ട്), രണ്ടാം സ്ഥാനം ഫ്രാൻസിസ് അഗസ്റ്റിൻ ജോസഫ് പനച്ചിപ്പിള്ളിൽ (പാറോപ്പടി), മൂന്നാം സ്ഥാനം ഇസ്സ ഫിലോ ഫെബിൻ കട്ടിക്കാനായിൽ (പുല്ലൂരാംപാറ). ● **കാറ്റഗറി ബി:** ഒന്നാം സ്ഥാനം ഏയ്ഞ്ചൽ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ (വിലങ്ങാട്), രണ്ടാം സ്ഥാനം റെയ്ച്ചൽ മറിയം ജോമി കൊറ്റനാൽ (ചെമ്പനോട), മൂന്നാം സ്ഥാനം ഏബൽ ജെനീഷ് വെമ്പിള്ളിൽ (ചെമ്പുകടവ്).


ഏയ്ഞ്ചൽ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ (വിലങ്ങാട്)

● **കാറ്റഗറി സി:** ഒന്നാം സ്ഥാനം സോഫിയ ജിതിൻ കൊള്ളന്നൂർ (മാങ്കാവ്), രണ്ടാം സ്ഥാനം ജോയൽ കെ. ജോർജ് കുര്യത്ത് (ചേവായൂർ), മൂന്നാം സ്ഥാനം റവ. സിസ്റ്റർ ജോസ്ന മരിയ എഫ്.സി.സി. (പാറോപ്പടി). ● **കാറ്റഗറി ഡി:** ഒന്നാം സ്ഥാനം ജിസി അഗ്ര മരോട്ടിക്കുഴി (കൂരാച്ചുണ്ട്), രണ്ടാം സ്ഥാനം റവ. സിസ്റ്റർ ബിനി ഡി.എസ്.റ്റി. (മാലാപറമ്പ്), മൂന്നാം സ്ഥാനം ഷിംല വെട്ടുകല്ലേൽ (കുണ്ടുതോട്). ● **കാറ്റഗറി ഇ:** ഒന്നാം സ്ഥാനം ബീന ജോസഫ് വയലിൽ (മാങ്കാവ്), രണ്ടാം സ്ഥാനം നിമ്മിമോൾ ജോസ് വടക്കേപറമ്പിൽ (കുന്ദമംഗലം), മൂന്നാം സ്ഥാനം ലിൻസി ജോർജ് തടത്തിൽ (കല്ലാനോട്). ● **കാറ്റഗറി എഫ്:** ഒന്നാം സ്ഥാനം സാലി ജോർജ് കപ്പിലുമാക്കൽ, രണ്ടാം സ്ഥാനം മാത്യു തൈക്കുന്നുപുറത്ത് (കൂരാച്ചുണ്ട്), മൂന്നാം സ്ഥാനം റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി). സംസ്ഥാനതല സെമിഫൈനൽ നവംബർ 9-നും ഫൈനൽ മത്സരം നവംബർ 21, 22 തീയതികളിലും നടക്കും.

നേട്ടം



● ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് (VIT CHENNAI) കരസ്ഥമാക്കിയ എയ്ഞ്ചൽ ട്രീസ ജോസഫ്. മരുതോങ്കര കറുകമാലിൽ ബെന്നിച്ചന്റെയും സിനിയുടെയും മകളും വാലില്ലാപുഴ പാലക്കീൽ ജിബിന്റെ ഭാര്യയുമാണ്. ഇപ്പോൾ കോഴിക്കോട് പ്രൊവിഡൻസ് കോളജിൽ അധ്യാപികയാണ്.



● കോഴിക്കോട് എൻഐടിയിൽ നിന്ന് എംഎസ്സി ഫിസിക്സിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ ജെഫിൻ ജെയിംസ്. വാലില്ലാപ്പുഴ ഇടവകാംഗമായ കോയിക്കാട്ടിൽ ജെയിംസ് -കെ. കെ. റോസിലി മാത്യു ദമ്പതികളുടെ മകനാണ്.



● മികച്ച സ്പോർട്സ് റിപ്പോർട്ടർക്കുള്ള സംസ്ഥാന കായിക വകുപ്പിന്റെ ജി. വി. രാജ പുരസ്കാരം നേടിയ അജയ് ബെൻ (സീനിയർ റിപ്പോർട്ടർ മലയാള മനോരമ, തിരുവനന്തപുരം). പുല്ലൂരാംപാറ മുഴിക്കുഴിയിൽ ബെന്നി ലൂക്കോസ്-ലിസമ്മ ദമ്പതികളുടെ മകൻ.



ക്വിസ് കോർണർ 2026

2026 നവംബർ – ഡിസംബർ ചോദ്യങ്ങൾ

ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്

1. 'സുവിശേഷ ചൈതന്യമുള്ള സ്ത്രീകൾക്ക് മനുഷ്യവർഗ്ഗം തകരാതെ കാത്ത് സൂക്ഷിക്കാൻ കഴിയും' എന്ന് പറഞ്ഞത് ആര്?
2. ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിയ്ക്കും വേണ്ടി നിലകൊള്ളുന്ന സംഘടന ഏത്?
3. സ്കൂൾ ലീഡർ ഓഫ് ദി ഇയർ 2026 നാഷണൽ അവാർഡിന് അർഹനായ വ്യക്തി ആര്?
4. സീറോ മലബാർ ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച ഓൺലൈൻ ആത്മ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രൂപത ഏത്?
5. ലോഗോസ് ക്വിസ് രൂപതാതല മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ താര്?
6. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഫാം ടൂറിസം പദ്ധതി ഏത്?
7. തിരുവമ്പാടിയിലെ ഇരുവഞ്ഞിവാലി ടൂറിസം ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പ് അവതരിപ്പിച്ച ആശയത്തിന്റെ പേര് എന്ത്?
8. മികച്ച സ്പോർട്സ് റിപ്പോർട്ടർക്കുള്ള സംസ്ഥാന കായിക വകുപ്പിന്റെ 2026 ജി. വി. രാജ പുരസ്കാരം നേടിയതാര്?
9. ബഥാനിയ ധ്യാനകേന്ദ്രത്തിൽ 101 ദിവസം നീണ്ട അഖണ്ഡ ജപമാല സമർപ്പണത്തിന്റെ മുഖ്യനിയോഗം എന്തായിരുന്നു?
10. സ്വന്തം ബിസിനസ് കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് അവസരങ്ങൾ നൽകുന്ന പദ്ധതി ഏത്?

ഉത്തരങ്ങൾ 2026 ഡിസംബർ 15-ന് മുമ്പ് ലഭിക്കണം

2026 സെപ്റ്റംബർ – ഒക്ടോബർ ലക്കം ക്വിസ് കോർണറിൽ ശരിയുത്തരം അയച്ച 310 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളായവർ:


● ഒന്നാം സമ്മാനം, 1000 രൂപ
ഇവ മരിയ വിശാൽ
വള്ളോപ്പിള്ളിൽ, മഞ്ഞക്കടവ്


● രണ്ടാം സമ്മാനം, 500 രൂപ
ആഷ്ന മൈക്കിൾ
കിളിയനാനിക്കൽ, കുടരഞ്ഞി


● മൂന്നാം സമ്മാനം, 250 രൂപ
ആശ ജോഷി
മണ്ണാറത്ത്, കുണ്ടായിത്തോട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
9744 99 5553

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

2026 സെപ്റ്റംബർ – ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. ജെ.കെ റോളിൻ 2. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുക 3. പി. എം. എഫ്. എം. ഇ. 4. ഐ.എസ്.എസ്.ആർ, കോഴിക്കോട് 5.ഹിൽസ്ബാൻ ചോക്ലേറ്റ് 6. ഹിൽഗ്രോൺ 7.തൃശ്ശൂർ. 8.ഐ.സി.എ.ആർ 9.റോസാരിയം വർജിനിസ് മരിയേ 10.2002

പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ കിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

ഉത്തരങ്ങൾ ഇവിടെ എഴുതുക

1
2
3
4
5
6
7
8
9
10

പേര്: .....

വീട്ടുപേര്: .....

ഇടവക: .....

ഫോൺ: .....

കൃഷിയിടം കാണാനും ആളുവരും!

കർഷകർക്ക് ഇതൊരു വരുമാനമാർഗ്ഗം



അജു എമ്മാനുവൽ
പ്രസിഡന്റ്, ഇരുവഞ്ഞിവാലി ടൂറിസം ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പ്
(ഫോൺ: 9544039294)

FOLLOW UP STORY

മലബാർ വിഷൻ സെപ്റ്റംബർ-ഒക്ടോബർ ലക്കം ഏറെ ശ്രദ്ധേയമായിരുന്നു. നാളെയുടെ സാധ്യതകളെയും ഭാവി എന്തായിരിക്കുമെന്നും കൃത്യമായി വരച്ചുകാട്ടുന്ന മനോഹരമായ വായനാനുഭവമായിരുന്നു അത്. ഈയൊരു സാഹചര്യത്തിൽ, ഭാവിയുടെ വികസന മാതൃകയായി കഴിഞ്ഞ ലക്കത്തോടൊപ്പം കൂട്ടിവായിക്കേണ്ട ഒരു മികച്ച ടൂറിസം മോഡലിനെക്കുറിച്ച് കൂടി വിവരിക്കട്ടെ. ഇന്ത്യയിൽ ആദ്യമായി ഒരു ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഫാം ടൂറിസം പദ്ധതിയാണ് കോഴിക്കോട് അഗ്രോ ഫാം ടൂറിസം. കർഷകരുടെ വരുമാനവും ജീവിതനിലവാരവും ഉയർത്തുക, പരിസ്ഥിതി സൗഹൃദ ടൂറിസം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ കൊടുവള്ളി ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകളിലാണ് കൃഷിവകുപ്പ് നിർവ്വഹണ ഏജൻസിയായി ഈ പൈലറ്റ് പദ്ധതി ആരംഭിച്ചത്.

പദ്ധതിയുടെ ഭാഗമായി തിരുവമ്പാടിയിലെ ഇരുവഞ്ഞിവാലി ടൂറിസം ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പ് അവതരിപ്പിച്ച 'ക്ലസ്റ്റർ ഫാം ടൂറിസം' എന്ന നൂതന ആശയമാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. ഓരോ ഫാമിലും വലിയ മുതൽമുടക്കുകൾ നടത്തുന്നതിന് പകരം, സംസ്ഥാന-ദേശീയ അവാർഡുകൾ നേടിയ പതിനഞ്ചോളം മികച്ച കർഷകരുടെ ഫാമുകളെ ഒന്നിപ്പിച്ച് ഒരു 'ഫാം ടൂറിസം സർക്യൂട്ട്' ആണ് ഇവിടെ രൂപീകരിച്ചിരിക്കുന്നത്. വിനോദ സഞ്ചാരികൾക്കും കാർഷിക പഠന സംഘങ്ങൾക്കും ഒരേപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ സർക്യൂട്ട് തയ്യാറാക്കിയിട്ടുള്ളത്. സമ്മിശ്ര കൃഷി, അലങ്കാര മത്സ്യകൃഷി, ക്ഷീര-ആട്-കോഴി ഫാമുകൾ, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം തുടങ്ങി കാർഷിക രംഗത്തെ മികച്ച മാതൃകകൾ നേരിൽ കണ്ടുപഠിക്കാൻ ഇത് അവസരമൊരുക്കുന്നു. കർഷകർക്ക് പ്രവേശന ഫീസിലൂടെയും ഉൽപ്പന്ന വിപണനത്തിലൂടെയും മികച്ചൊരു അധിക വരുമാനം പദ്ധതിയിലൂടെ ലഭിക്കുന്നുണ്ട്.

ഏകദിന സന്ദർശനത്തിനായി എത്തുന്നവർക്ക് ആറോ ഏഴോ ഫാമുകൾ ഒരു ദിവസം സന്ദർശിക്കാനാകും. ഗൈഡ് ഫീസ്, പ്രവേശന ഫീസ്, ഫാമുകളിൽ തന്നെ തയ്യാറാക്കി നൽകുന്ന നാടൻ ഭക്ഷണം (കപ്പ, അപ്പം, നോൺ-വെജ് സദ്യ) എന്നിവയുള്ളതിനാൽ ചുരുങ്ങിയത് 15 പേരുള്ള ഗ്രൂപ്പുകൾക്കാണ് മുൻഗണന നൽകുന്നത്. മുൻകൂട്ടി ആവശ്യപ്പെടുന്നവർക്ക് ഫാം സ്റ്റേ ഉൾപ്പെടെയുള്ള താമസ സൗകര്യങ്ങളോട് കൂടിയ പാക്കേജുകളും ലഭ്യമാക്കുന്നുണ്ട്. വയനാട് ചുരം, തുഷാരഗിരി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ സാമീപ്യവും ഈ പദ്ധതിക്ക് മാറ്റു കൂട്ടുന്നു. കാർഷികവൃത്തി എങ്ങനെ ലാഭകരമാക്കാം എന്ന് ബോധ്യപ്പെടുത്തുന്ന ഈ കൂട്ടായ്മ ടൂറിസം മേഖലയ്ക്ക് തന്നെ മികച്ചൊരു മാതൃകയാണ്.

ഫോൺ: **9544039294**

മലബാർ വിഷനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കാൻ QR കോഡ് സ്കാൻ ചെയ്യൂ

വാട്സാപ്പ്: 9744995553, വിലാസം: എഡിറ്റർ, മലബാർ വിഷൻ, പി. എം. ഒ. സി, മേരിക്കുന്ന് പി. ഒ. കോഴിക്കോട് - 12

സംസ്ഥാന സ്കൂൾ ഹാൻഡ് ബോൾ ചാമ്പ്യൻഷിപ്പ്

അപൂർവ കാഴ്ചയായി കോടഞ്ചേരിയിലെ സഹോദരിമാർ

സംസ്ഥാന സ്കൂൾ ഹാൻഡ് ബോൾ മത്സരത്തിലെ ഏറ്റവും വലിയ കൗതുകങ്ങളിലൊന്നായിരുന്നു കോർട്ടിലെ ആ അപൂർവ്വ സഹോദരീ സാന്നിധ്യം. മേളയിൽ സീനിയർ, ജൂനിയർ, സബ് ജൂനിയർ വിഭാഗങ്ങളിലായി മത്സരിച്ച ഹാൻഡ്ബോൾ ടീമുകളിൽ ഒരേ കുടുംബത്തിലെ മൂന്ന് പെൺകുട്ടികൾ ഇടംനേടി എന്ന് മാത്രമല്ല, മൂവരും ടീമുകൾക്കായി കളത്തിലിറങ്ങിയത് ഗോൾകീപ്പർമാരായാണ് എന്നതും കായികകേരളത്തിന് വേറിട്ടൊരു അനുഭവമായി മാറി.



അലക്സിയ മേരി സജി, അൻസില അന്ന സജി, അസോണ ട്രീസ സജി.

കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിനിയായ മുതിർന്ന സഹോദരി അലക്സിയ മേരി സജി സീനിയർ വിഭാഗത്തിലും, രണ്ടാമത്തെ സഹോദരി അൻസില അന്ന സജി (സെന്റ് മേരീസ് എച്ച്എസ്എസ്, കൂടത്തായി) ജൂനിയർ വിഭാഗത്തിലും വലകാത്തപ്പോൾ, ഇളയ സഹോദരി അസോണ ട്രീസ സജി കോടഞ്ചേരി സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിനെ പ്രതിനിധീകരിച്ച് സബ് ജൂനിയർ വിഭാഗത്തിലാണ് സംസ്ഥാന തലത്തിൽ മത്സരിച്ചത്. പരസ്പരം പ്രചോദനമായി വളർന്ന ഈ പെൺകുട്ടികളുടെ ഹാൻഡ് ബോളിനോടുള്ള സമർപ്പണമാണ് ഇവരെ മികച്ച നേട്ടങ്ങളിലേക്ക് നയിക്കുന്നത്.

കോടഞ്ചേരി വേലിക്കകത്ത് സജി വർഗീസിന്റെയും മുറംപാത്തി ഗവൺമെന്റ് സ്കൂൾ അധ്യാപികയായ സിന്ധുവിന്റെയും മക്കളാണ് ഈ കായിക പ്രതിഭകൾ. കോടഞ്ചേരി സെന്റ് ജോസഫ് ഹാൻഡ് ബോൾ അക്കാദമിയിലാണ് ഈ മിടുക്കികൾ പരിശീലനം നടത്തുന്നത്. അക്കാദമി കോർഡിനേറ്റർ സിബി മാനുവൽ, പരിശീലകൻ ഷാജി ജോൺ, കായികാധ്യാപകൻ അനൂപ് ജോസ് എന്നിവരുടെ മികച്ച പിന്തുണയും ശിക്ഷണവുമാണ് ഇവരുടെ കരുത്ത്.

കർഷകർക്ക് വഴികാട്ടുന്ന മലബാർ വിഷൻ

Letter to the editor

മലബാർ വിഷന്റെ കഴിഞ്ഞ ലക്കം 'കൃഷിയാണ് ഭാവി' ശ്രദ്ധേയമായി. കാർഷികോൽപ്പന്ന വിലയിടിവും വന്യമൃഗശല്യവും കൊണ്ട് പൊറുതിമുട്ടുന്ന മലയോര കർഷകർക്ക് ഇതിനെ നേരിടാൻ മറുവഴികളുണ്ടെന്ന് ചൂണ്ടിക്കാട്ടുന്ന ലേഖനങ്ങൾ വളരെ പ്രചോദനാത്മകമാണ്. മനസുമടുക്കാതെ പുതിയ വഴികളിലേക്ക് തിരിയാൻ കർഷകർക്ക് ദിശാബോധം നൽകുന്ന നിരവധി ലേഖനങ്ങളും നിർദ്ദേശങ്ങളും കഴിഞ്ഞ ലക്കത്തിൽ ഉണ്ടായിരുന്നു. ഞങ്ങളിൽ പ്രത്യാശ പകരുന്ന ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

ജെബിൻ ജോർജ്, തുണ്ടത്തിൽ, കാളികാവ്

സ്നേഹസ്മരണയ്ക്ക്

47-ാം ചരമവാർഷികം



ദേവസ്യ മലേക്കുന്നേൽ കണ്ണോത്ത്
ജനനം: 10-03-1920
മരണം: 21-10-1979


22-ാം ചരമവാർഷികം



അന്നമ്മ ദേവസ്യ മലേക്കുന്നേൽ
ജനനം: 15-05-1924
മരണം: 24-12-2004

സ്നേഹസ്മരണകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

8-ാം ചരമവാർഷികം
17-08-2026



ഫാ. ചാണ്ടി കുരിശുംമൂട്ടിൽ

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി, താമരശ്ശേരി രൂപത

14-ാം ചരമവാർഷികം
16-12-2026



റൂബി കുര്യൻ
കച്ചിറമറ്റം, പെരിന്തൽമണ്ണ

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

LISA HOSPITAL
Care with compassion

50

സുവർണ്ണ ജൂബിലി നിറവിൽ
ആധുനിക സൗകര്യങ്ങളോടെ
ലിസ ഹോസ്പിറ്റൽ തിരുവമ്പാടി

1. CRITICAL CARE MEDICINE & ANESTHESIOLOGY
Dr. PM Mathai - MBBS, MD, DA
Medical Director

2. GENERAL MEDICINE
Dr. Arun Mathew
MBBS, MD, PGDHSC (Diabetology)
Dr. Ashwin T.V
MBBS, MD (General Medicine)

3. DERMATOLOGY
Dr. Jenny Mathew
MBBS, DVD, MD, DNB, MNAMS
Dr. Salima Fathima M
MBBS, DDVL
Dr. Aswathi M
MBBS, MD

4. DENTISTRY, ORAL & MAXILLOFACIAL SURGERY, HAIR TRANSPLANTATION
Dr. Praveen Mathew BDS, MDS

5. GYNAECOLOGY
Dr.Abdul Rasheed K.P
MBBS,MD,DGO,FMIS
Senior Consultant Gynaecologist, Laparoscopic Surgeon and Infertility Specialist
Dr. Anumol V.P
MBBS, MS(OBG), DNB
CONSULTANT OBSTETRICS & GYNAECOLOGIST

6. PAEDIATRICS
Dr. Cherian N.C
MBBS, MD, DCH
Dr. Bijumon A. V
MBBS, DNB, MNAMS
Dr. Merin Varghese
MBBS, DNB

7. ORTHOPAEDICS
Dr. Vysakh PP
MBBS, D-ORTHO, DNB-ORTHO
Dr. Sandeep V
MBBS, MS - ORTHO

8. E. N. T.
Dr. Muhammed Ashique C.T
MBBS, MS
Dr. Sreelakshmi PS -MBBS, MS,DNB,
Dr. Sreelaksmi ks - MBBS, MS

9. CARDIOLOGY
Dr. Prasanth S - MBBS, MD, DM
Dr. Arif Muhammed A - MBBS, MD, DM

10. GENERAL SURGERY
Dr. Ramesh P K
MBBS, MS, FMAS, FIAGES

11. NEPHROLOGY
Dr. Viswas T - MBBS, MD, DM

12. RADIOLOGY
Dr. Muhammed Dilshad V M
MBBS, MD
Dr. A M Abdul Latheef
MBBS, DMRD

13. RMO
Dr. Becy Mathew - MBBS
Dr. Colin Prasad - MBBS

14. PHYSIOTHERAPY
Dr. Rafeeda C.T
BPT



24/7 SERVICE
HS Road Thiruvambadi, Kozhikode, Kerala, India-673603
info@lisahospital.com lisahospital.com
099462 33444 096562 33445

41-ാം ചരമദിനം
17/11/2026



മറിയക്കുട്ടി (97)
നീണ്ടുക്കുന്നേൽ, പൂഴിത്തോട്

സ്നേഹവും സന്തോഷവും പകർന്ന,
വാത്സല്യനിധിയായ അമ്മ.
ക്രൈസ്തവവിശ്വാസത്തിൽ ജീവിതം നയിച്ച്,
തലമുറകളുടെ ഹൃദയങ്ങളിൽ മായാത്ത
സ്നേഹസ്മരണകൾ നിറച്ച
പ്രിയപ്പെട്ട അമ്മച്ചി.

അമ്മച്ചിയുടെ മധുരഗാനം കേൾക്കാൻ
QR കോഡ് സ്കാൻ ചെയ്യുക

rera.kerala.gov.in
K-RERA/PRJ/KKD/041/2026
www.rera.kerala.gov.in

Dignity
PREMIUM SENIOR LIVING VILLAS





സ്നേഹവും
സൗഹൃദവും നിറയുന്ന
വിശ്രമ ജീവിതം.
സ്വന്തം ഇഷ്ടങ്ങൾക്കൊപ്പം

താമരശ്ശേരി ചമൽ റോഡിൽ, വിശ്രമജീവിതം ആസ്വദിക്കാൻ പ്രകൃതിയുടെ ശാന്തതയും മികച്ച യാത്രാസൗകര്യങ്ങളും ഒത്തുചേരുന്ന മനോഹരമായ ഇടം. വയനാട് ദേശീയപാതയിൽ നിന്ന് വെറും 350 മീറ്റർ മാത്രം അകലെ. 3.52 ഏക്കറിൽ 52 പ്രീമിയം സീനിയർ ലിവിംഗ് വില്ലകൾ - സ്വകാര്യതയും സ്വാതന്ത്ര്യവും സൗഹൃദവും ഒത്തുചേരുന്ന ശാന്തവും സുന്ദരവുമായൊരിടം.

നീന്തൽക്കുളം, ക്ലബ് ഹൗസ്, ആംഫി തിയേറ്റർ, ഡൈനിംഗ് ഏരിയ, പിക്കിൾബോൾ കോർട്ട്, നടപ്പാതകൾ, സൈക്ലിംഗ് ട്രാക്ക്, ഔട്ട്ഡോർ വ്യായാമ സൗകര്യങ്ങൾ തുടങ്ങി സജീവമായ ജീവിതത്തിനായി നിരവധി സൗകര്യങ്ങൾ. നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടർ കൺസൾട്ടേഷൻ, ആയുർവേദ ചികിത്സ, യോഗ എന്നിവ ഉൾപ്പെടുന്ന വെൽനെസ് സെന്റർ ആരോഗ്യത്തിനും സന്തോഷത്തിനും കരുതലേകുന്നു.

ഡിഗ്നിറ്റി പ്രീമിയം സീനിയർ ലിവിംഗ് വില്ലാസ് - ഇഷ്ടങ്ങൾക്കായി സമയം കണ്ടെത്താനും പുതിയ സൗഹൃദങ്ങൾ വളർത്താനും ഓരോ ദിവസവും സന്തോഷത്തോടെ ജീവിക്കാനുമുള്ള പുതിയൊരു തുടക്കം.

Villas starting from 55 lakhs

Mob : 85904 42525, 89214 86158
www.whitespaceproperties.com
5th Floor, Elite Arcade, Chakkorathukulam, Calicut - 673005, Email: whitespacepropertiesclt@gmail.com
WHITE SPACE PROPERTIES LLP

● **RNI Regn No:** KERMAL/2017/73545
Date of Publication: 01 November 2026









സെന്റ് അൽഫോൻസാ ടൂർസ് & പിൽഗ്രിമേജസ്, താമരശ്ശേരി
ഡയറക്ടർ : ഫാ. ബെന്നി മുണ്ടനാട്ട് Contact: 9447 008 376 (Office)









Leadership Developing Society (LDS)
A VENTURE OF THAMARASSERY DIOCESE
DIRECTOR: FR. SAYI PARANKULANGARA
9447 929 223
Alphonsa Arcade, Thamarassery

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Rashtra Deepika Ltd, Kottayam and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil